Registered No. M-4485 Madras War Review, Malayalam—13-7-1945

യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂലായി 13-ാംനു, വെള്ളിയാഴ്ച [ലക്കം 43

ചൈന തയ്യാറായിക്കഴിഞ്ഞു

യുദ്ധം അതിന്റെ അന്ത്യവും ഗൌരവതരവുമായ ഒരു നിലയിൽ എത്തിയിരിക്കുന്നു. നമ്മോടു പരിപൂർണ്ണമായും സഹകരിച്ചു് ചൈനയിൽനിന്നു പൊരുതിവരുന്ന സഖ്യശക്തികളെ നാം സ്വാഗതം ചെയ്യുന്നു. ചൈന അവളുടെ പങ്കു് തികച്ചും നിർവ്വഹിക്കുമെന്നു് ഞാൻ പലവുരു പറഞ്ഞിട്ടുണ്ടു്. യുദ്ധം നമ്മുടെ നാട്ടിൽവെച്ചു നടത്തപ്പെട്ടുവരുന്നു. കുന്നിയും കൂസലില്ലാതെ ഏതൊരു ത്യാഗം ചെയ്യുന്നതിന്നും നാം തയ്യാറായേ തീരൂ.”

—ജനറാലിസ്സിമോ ചിയാങ്ങ് കൈ ഷേക്, ജൂലായി 7-ാംനു,
ചുങ്കിങ്ങിൽനിന്നുള്ള റേഡിയോ പ്രസംഗത്തിൽ

ശത്രുവിന്റെ ഇന്നത്തെ നില

ശത്രുവിന്നു സംഭവഗതികളുടെ സ്വഭാവം ഒരു വിധത്തിലും (കീഴടങ്ങൽമൂലമല്ലാതെ) മാററാൻ സാധിക്കുന്നതല്ലതന്നെ. നാം പടിഞ്ഞാറൻ പാസഫിക് പ്രദേശത്തു ഭീമസേനകളെ കൊണ്ടുവരുന്നതു് അവന്നു തടയാൻ സാദ്ധ്യമല്ല. നമ്മുടെ സന്ദേശനിരകളെ തകരാറാക്കുന്നതിന്നു് അവന്നു് അസാദ്ധ്യമാണു്. കാരണം അവന്നു് അത്ര വമ്പിച്ച നാവികശക്തിയോ വിമാനസേനയോ ഇല്ല.

—മേജർ ജോർജ്ജ് ഫിൽഡൻ എലിയട് "ന്യൂയോക്ക് ഹിറാൾഡ് ട്രിബ്യൂണി"ൽ എഴുതിയ ഒരു ലേഖനത്തിൽ.

നാമെന്തുകൊണ്ടു കൂടുതൽ ഉഗ്രതയോടെ സമരം ചെയ്യണം?

ജാപ്പാന്നു ഇപ്പോൾ പ്രഹരം കിട്ടിക്കഴിഞ്ഞു. അതുകൊണ്ടു മാത്രം അവർ നശിച്ചുവെന്നു് ഞാൻ പറയുന്നില്ല. പക്ഷേ ജാപ്പുകളുടെ പരിപൂർണ്ണപരാജയം സമാഗതമായിരിക്കുന്നു. അതുകൊണ്ടാണു് നമ്മുടെ സംരംഭങ്ങൾക്കു കൂടുതൽ ഉഗ്രത കൂട്ടണമെന്നു ഞാൻ പറയുന്നതു്.

—അഡ്മിറൽ തോമസ് കിൻ കേഡ്, 1945 ജൂലായി 3-ാംനു മണിലയിൽവെച്ചു ചെയ്ത പ്രസംഗത്തിൽ.

ഇന്ത്യക്കാർ വിശേഷാത്തര വീരന്മാരാണു്

14-ാം പടയിലെ മൂന്നിൽ രണ്ടു ഭാഗം ഭടന്മാരും ഇന്ത്യക്കാരാണു്. അതിലെ ഭരണവകുപ്പിലെ 80 ശതമാനവും അവർ തന്നെയാണു്. പണ്ടു് ഇന്ത്യൻ സേനയിൽ ഉൾക്കൊള്ളിക്കാത്ത പലരും ഇന്നു് സേനയിലുണ്ടു്. അവർ സമരവൈദഗ്ദ്ധ്യമുള്ളവരാണെന്നു തികച്ചും തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ബർമ്മ യുദ്ധത്തിലെങ്ങും ഇന്ത്യൻ ഭടന്മാർ നൈപുണ്യത്തോടെ പൊരുതിയിട്ടുണ്ടു്.

—ലെഫ്റ്റനൻറ് ജനറൽ വില്യം ജോസഫ് സ്ലിം, 14-ാം പടയുടെ കമാണ്ടർ, 1945 ജൂലായി 6-ാംനു ലണ്ടനിൽ ചെയ്ത പ്രസ്താവന.

പോർക്കളത്തിൽനിന്നു്

കൈരളി, കലാവതീ!
  ഭാവല്കൂ, ഭാഷാസമ്പ-
ത്താരില്ല മസൂയാർഹ-
  മപ്രമേയ പ്രാഭവം!
മാതൃസ്വ, പിതൃസ്വങ്ങ-
  ളാകട്ടെ, യല്ലെന്നാകിൽ
മാന്യന്മാർ സമ്മാനിച്ച-
  പാരിതോഷികമാട്ടെ;
ഇരന്നാർജ്ജിച്ചതാകാം,
  കവർന്നു ലഭിച്ചതാം,
തറവാടിന്റെ പൂർവ്വ-
  സ്വത്തുകാമൊരുപക്ഷേ.
എന്താകിലെ, ന്തിന്നു നീ-
  സമ്പത്തിൽ, സൌഭാഗ്യത്തി,-
ലെന്തിലും തവ സോദരി-
  മാരേക്കാൾ മെച്ചപ്പെട്ടോൾ!
സുന്ദര "കേകാ" രവം
  മന്ദമായാലാപിച്ചും
സുന്ദരി ഭൃമന്ദാര
  കേദാരമാകും നാട്ടിൽ,
കൊഞ്ചിയും ചാഞ്ചാടിയും
  നൽ "കളകാഞ്ചീ" നാദം
സഞ്ചിതാനന്ദം കാതി-
  ന്നേകമാറാലാപിച്ചും.
"മഞ്ജരി" വാർകുന്തള
  ബന്ധത്തിൽ ചാർത്തിക്കൊണ്ടും
മഞ്ജുളതര "മന്ന-
  നട" യഭ്യസിച്ചും,
കാകളി മാധുരീ മഴ-
  പെയ്യവേ, "നതോന്നത"
മാകുമാ മലയാളി-
  സാനുവിൽ വിഹരിച്ചാൾ!
പ്രേമഗാനങ്ങൾ, ഖണ്ഡ-
  കാവ്യങ്ങൾ, മഹാകാവ്യം,
കോമളതരങ്ങളാം
  സംഗീത സമുച്ചയം,
നാടക, മാഖ്യായിക,
  ശാസ്ത്രങ്ങളാം, ഗമങ്ങൾ
ഇവടെഴും മററും പല-
  ദിവ്യോപഹാരങ്ങളും,
സുന്ദരീലലാമമാം
  കൈരളീ പാദാന്തികേ-
കുന്നപോൽ സമർപ്പിച്ചാർ
  സൂരികൾ കൃതാർത്ഥരായ്.
ദ്രാവിഡ സൽഗോത്രജ,
  തുഞ്ചന്റെ തിരുമക-
ളാവോളമവയെല്ലാം
  ചാർത്തിനാൾ സാലങ്കാരം.
തപിട്ടോലും താരുണ്യത്തി-
  ലെത്തി; യെന്നിട്ടു മൊരു-
കുട്ടിപോൽ വിജ്ഞാനത്തിൻ
  വീഥിയിൽ വിളയാടീ.
മാറിപ്പോയ് കാലം പരി-
  വർത്തനം പറന്നെത്തി-
ച്ചോരയിൽ നീന്തിസ്സ്വയായ്
  മർത്ത്യ പ്രപഞ്ചത്തെ!
തൂലികയേന്തും കൈകൾ-
  തോക്കേട്ടുക്കേണമെന്നായ്
തൂമഷി രക്തമാക്കി-
  ത്തീർക്കേണ മെന്നായ് വന്നു.
മാനുഷ സംസ്കാരത്തിൽ
  മെയ്യിലെ മാലിന്യത്തെ
നൂന, മില്ലാതാക്കീടാൻ
  പോർ ചെയ്യേ തരമുള്ളു.
അങ്ങനം നോക്കു, ചോര-
  പ്പുഴകളൊഴുകുന്നി-
ത, ങ്കത്തിന്നട്ടഹാസം-
  പാരെങ്ങും മുഴങ്ങുന്നു.

കെ. ജി. പിള്ള.

കലയെ കിരാതത്വ-
  ബന്ധനമുക്തമാക്കാൻ,
കവിയും പരിശ്രമം
  കവിയും ചെയ്യേതീരൂ
നൂതന യുഗമാവിർ-
  ഭവിച്ചെന്നാലും യാഥാ-
സ്ഥിതികത്വത്തിന്നുണ്ടോ
  കണ്ണുകൾ തുറക്കുന്നു?
അവരിൽ ബ്ഭവിച്ചീലാ-
  ഭാവവത്യാസം ലവം,
അവർ തൻ സാഹിത്യത്തിൽ
  ചേർന്നില നവീനത്വം.
ഇരുന്നു തല കാഞ്ഞു
  ചിന്തിസ്സ്വയാണക്കേമൻ
കുരങ്ങിൻ പരാക്രമം
  പുത്തനായെഴുതുവാൻ,
രാമന്റെ പത്നി സീത-
  നായരോ, തീയത്തിയോ,
സാമർത്ഥ്യമോടെ സമർത്ഥി-
  ക്കുന്നിതൊരു വിദ്വാൻ
പാവ, മാമഹാകവി-
  മാന്തുന്നു ശവക്കുഴി-
കാവ്യസൃഷ്ടിസ്സ്വായ് വല്ല
  കരുവും കൈവന്നിടാൻ.
പഴമപ്പാറകെട്ടിൽ
  പ്പാണ്ഡിത്യച്ചിരട്ടകൾ
പലരു മുരക്കുന്നു,
  സാഹിതീ സേവ പോലും!
നക്ഷത്രം നോക്കുന്നോരാൾ,
  നദിയിൽ ച്ചാട്ടുന്നേകൻ,
വക്ഷോജ കുംഭങ്ങളിൽ
  കള്ളക്കണ്ണിട്ടുന്നന്യൻ;
കവിതാ രചനസ്സ്വായ്
  വിഷയം തെണ്ടിത്തെണ്ടി-
കലഹിച്ചലംകോല
  മാക്കുന്നു കാവ്യലോകം.
തലയിൽ ശരിസ്സൊന്നു-
  മില്ലാത്ത 'ശിരോമണി'
ചവച്ചുതുപ്പുന്നതിൻ
  കയ്യെഴും വ്യാഖ്യാനങ്ങൾ!
'നാല്പാലിപ്പരീക്ഷയെ'
  യാട്ടിയോടിസ്സാൻ, രണ്ടു
പൊയ്സാലിൽത്തന്നെ നൊണ്ടി-
  പ്പോവുന്നു ചില കൂട്ടർ.
'ഓമനക്കുട്ടൻ' 'ഗുണ-
  മേറീടും ഭർത്താവായി'
'മാര കാകളി' യാർന്നു
  'മാവേലി വാഴും കാലം'
നിച്ചിലും സ്വപ്നം കണ്ടു,
  മററുള്ളോർ നല്കീടുന്നൊ-
രെച്ചിലും നക്കിത്തിന്നു
  ജീർണ്ണിച്ചു ജീവിക്കുന്നു!
കൈരളിയധഃപതി-
  ച്ചീവിധം കാലിക്കൂത്തു
കാരണം, നാറിപ്പോയി
  പഴമക്കുപ്പസ്സ്വുള്ളിൽ!
ഈയധഃപതനത്തെ
  സാധൂകരിക്കീടാൻ വേണ്ടി-
വേദവും ചൊല്ലുന്നവർ
  "കല ഹാ, കലയത്രേ!"
ജീർണ്ണിച്ച പാണ്ഡിത്യമേ,
  നിൻ തലച്ചോറിൽ നിന്നി-
ങ്ങെന്തെന്തു ദുർഗ്ഗന്ധങ്ങ-
  ളിന്നിയും വമിക്കില്ല?

കൈരളി സുമംഗലേ,
  പോരുക പോരാടുവാൻ
ധീരകൾ ഹീരം നീയെ-
  ന്നെന്നുമേ സുപ്രസിദ്ധം
കുരുക്ഷേത്ര യുദ്ധ-
  ഗീതമൊന്നല്ലേ ചൊൽക
തവൽക്കാതിൽ തവതാത-
  നാദ്യമായുരവിട്ടു?
സഹ്യാദ്രിശൃംഗങ്ങള,
  സ്സാഗരതരംഗങ്ങ,
ളൊക്കെയും വിട്ടിങ്ങോട്ടു
  വന്നാലും കൂടെക്കൂടെ.
നിനക്കായെത്രയെത്ര
  കാവ്യങ്ങൾ ചെഞ്ചോരയി-
ലിനിയും രചിച്ചീടാൻ
  സന്നദ്ധരല്ലോ ഞങ്ങൾ.
ഭാഗ്യവക്ഷേത്രത്തിലെ
  ബ്ഭാഗ്യദേവതേ, നൽക്കു
മാർഗ്ഗദർശനം പോരിൽ
  ചേർന്നോരീ യുവാക്കൾക്കും!

യുദ്ധസഞ്ചിക

പ്രതിവാരപത്രം

മദിരാശി: 1945 ജൂലായി 13-ാംനു, വെള്ളിയാഴ്ച

ചിയാങ്ങിൻെറ സുവർണ്ണാവസരം

ചൈന ഇന്നു ജപ്പാന്നെതിരായി സ്വന്തരക്ഷക്കുള്ള ഒരു സമരം നടത്തുക എന്നതു വിട്ടു, ശത്രുവിൻെറ അതിർത്തിയിൽ കടന്നാക്രമിക്കുകയും അങ്ങിനെ ശത്രുവിനെ തെക്കുനിന്നും വടക്കുനിന്നും ആട്ടിയോടിയ്ക്കുകയും ചെയ്യുിരിക്കുന്നു.

ഒരു കൊല്ലം മുമ്പ ചൈനയുടെ യുദ്ധത്തെപ്പററി ഒരു നിരൂപകൻ ഇങ്ങിനെ പറഞ്ഞു: "ചൈന ജപ്പാന്നെതിരായ അതിൻെറ 8-ാം യുദ്ധവർഷത്തിലേക്കു പ്രവേശിക്കുന്നതു വിഷമം പിടിച്ച ഒരു പരിതസ്ഥിതിയിൽക്കൂടെയാണ്. എന്നാൽ എതൃക്കുന്നതിന്നുള്ള അഭിവാഞ്ഛയുംകൊണ്ടും മററും അവസാനം പരിതസ്ഥിതികൾ അവൾക്കനുകൂലമായി മാറും."

അതിന്നുശേഷം, സഖ്യകക്ഷികൾക്കനുകൂലമായൊ ചൈനക്കനുകൂലമായൊ യാതൊന്നും സംഭവിക്കാതെ ഒരു മാസം നീങ്ങിപോയി. ബർമ്മയുടെ വിമോചനത്തോടുകൂടി ചുങ്കിങ്ങിലേക്കുള്ള കവാടം തുറക്കുകയും, അങ്ങിനെ സാധനസാമഗ്രികളും, ഔഷധങ്ങളും തുടർച്ചയായി ലിഡൊ-സ്റ്റിൽവൽ റോഡ് വഴിയായി എത്തിക്കുന്നതിന്നും സാധിച്ചു.

പാസഫിക്കിലെ സഖ്യകക്ഷികളുടെ മുന്നേററം ചൈനീസ് തുറമുഖങ്ങളെ സ്വതന്ത്രമാക്കാൻ സഹായിച്ചു. വടക്കുകിഴക്കും തെക്കു കിഴക്കും ഭാഗങ്ങളിലേക്കു ശക്തിമത്തായ ഒരാക്രമണത്തിന്നു ഫിലിപ്പൈൻ മുഖേന സാദ്ധ്യമാണ്. ഒക്കിനാവയും, ഇവോജിമയും കീഴടക്കിയതും, അതിനെ തുടർന്നുണ്ടായ ജപ്പാന്നെതിരായ ബ്ലോക്കേഡും കൊണ്ടു ചൈനയെ ജപ്പാൻെറ ബ്ലോക്കേഡിൽനിന്നു സംരക്ഷിച്ചു. എന്നുമാത്രമല്ല, 14-ാം 20-ാം വിമാന സേനയുടെ ആക്രമണവും ജപ്പാനെ വളരെ തകിടംമറിക്കാൻ സഹായിച്ചിട്ടുണ്ട്.

സഖ്യകക്ഷികളുടെ കടലിലും, കരയിലും, ആകാശത്തിലുമുള്ള പ്രവൎത്തനം ശത്രുവിനെ ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ചിയാങ്ങിൻെറ സൈന്യം പല ഭാഗങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ഇതിൽ പ്രധാനമായതു ക്വാംങ്സി അതൃത്തിയിലെ ജപ്പാൻെറ കമ്മ്യൂനിക്കേഷൻ നശിപ്പിച്ചതും അങ്ങിനെ തെക്കൻ ചൈനയിലെ രണ്ടു ലക്ഷം പട്ടാളത്തെ ഒററപ്പെടുത്തിയതും, ഇൻഡോ ചൈനയെ ആക്രമിച്ചു മൂന്നു പ്രധാന പട്ടണങ്ങൾ പിടിച്ചതും ഹോംങ്കോങ്ങിന്നും, ക്ഷാംങ്ങഹായിക്കുമിടയിലുള്ള 300 നാഴിക കടൽതീരം കയ്യശപ്പെടുത്തിയതും പ്രാധാന്യമർഹിക്കുന്നവയാണ്.

അങ്ങിനെ എട്ടു കൊല്ലത്തെ സുധീരമായ പരിശ്രമം ഇന്നു ഫലവത്തായ്വരുകയാണ്. ഈ കാലത്തിന്നിടയിൽ ചൈനയിലെ ജനങ്ങളനുഭവിച്ച നരകയാതന ഊഹിക്കാൻ കഴിയാത്തതാണ്. പക്ഷെ, ശത്രുവിനെ എതൃക്കുന്നതിൽ അവർ കാണിച്ച ധീരോദാത്തതയാണ് അവരുടെ അവസാന വിജയത്തിൻെറ അടിസ്ഥാനം.

എല്ലാററിലുമുപരിയായി ചൈനയിൽ ഐക്യമാണാവശ്യം. വടക്കൻ ചൈനയിലെ കമ്മ്യൂണിസ്റ്റുകളും, തെക്കൻ ചൈനയിലെ കൊമിൻെറങ്ങും തമ്മിലുള്ള ഐക്യം ഒരടിസ്ഥാനപരമായ അത്യാവശ്യകതയാണ്. അതു ചൈനയെ ആനന്ദകരമായ വിജയത്തിലേക്കു ഉടനടി നയിക്കുന്നതായിരിക്കും. യൂറോപ്പിൽ ഈ ഐക്യം സാധിച്ചതിൻെറ ഫലമായാണ് വിജയം പ്രതീക്ഷിച്ചതിലും വേഗം കണ്ടതു്.

സഖ്യനേതാക്കളുടെയും, സുഹൃത്തുക്കളുടെയും അഭിനന്ദനങ്ങൾക്കുള്ള മറുപടിയിൽ ചിയാങ്ങിൻെറ ഐക്യാസക്തി തെളിഞ്ഞു കാണുന്നുണ്ട്. ജപ്പാനെ നശിപ്പിക്കലും, ഒരു ഭരണഘടനാപരമായ ഗവൎമ്മേണ്ട് സൃഷ്ടിക്കലുമാണ് അദ്ദേഹത്തിൻെറ വമ്പിച്ച രണ്ടു ചുമതലകൾ. ഇതിൽ ആദ്യത്തേതിൽ അദ്ദേഹം വിജയിക്കുകയാണെങ്കിൽ അടുത്ത കൊല്ലം അവസാനവിജയത്തിൻെറ മണിനാദം ആ വമ്പിച്ച രാഷ്ട്രമൊട്ടുക്കും മുഴങ്ങുന്നതായിരിക്കും.

നാട്ടിൻപുറങ്ങളിൽനിന്നു

തീവണ്ടിയിൽ

(സഞ്ചാരി)

(തുടൎച്ച)

തീവണ്ടിയിൽ കയറാൻ തിടുക്കപ്പെടുമ്പോൾ, ഒരാൾക്ക് ഒരു വിപ്ലവകാരിയുടെ ഉൽക്കടമായ ഉന്മേഷവും സഹതാപവും ഉണ്ടാകും. വണ്ടി പൊതുസ്വത്താണെന്നും, ടിക്കററു വാങ്ങിയവൎക്കെല്ലാം തന്നെ അതിൽ കയറി യാത്ര ചെയ്യുന്നതിന്നു സമാവകാശവും അൎഹതയും സ്വാതന്ത്ര്യവും ഉണ്ടെന്നു ആയാൾ വാദിയ്ക്കും; ആയാൾക്കുവേണ്ടി മാത്രമല്ല കൂട്ടുകാൎക്കുവേണ്ടിയും കൂടെ. പക്ഷെ ഒരിയ്ക്കൽ സ്വസ്ഥാനം വണ്ടിയിൽ സുരക്ഷിതമായിക്കഴിഞ്ഞാൽ പിന്നെ ആയാളുടെ മനോഭാവം തികച്ചും വ്യത്യാസപ്പെട്ടു. പിന്നീട് ആരും വണ്ടിയിൽ കയറിക്കൂടരുതെന്നു ആയാൾ ശഠിക്കുകയായി. ഇതു ശ്രദ്ധേയമായ ഒരു മന:ശാസ്ത്രതത്വമാണ്. ഇപ്പോൾ ആയാൾക്ക് നിഷ്കൃഷ്ട താല്പൎയ്യമുണ്ട്: വണ്ടിയിൽ സുഖമായി സഞ്ചരിക്കണമെന്ന താല്പൎയ്യം. ആ സുഖസൌകൎയ്യത്തെ ഭംഗപ്പെടുത്തുകയും ആയാളെ അലോസരപ്പെടുത്തുകയും ചെയ്യാൻ ആരും മുതിർന്നുകൂടാ. വണ്ടിയിൽക്കയറുംവരേയും ആയാൾക്കു ഒരാക്രമണമനോഭാവമാണുണ്ടായിരുന്നതു്; പക്ഷെ ഇപ്പോഴാകട്ടെ, തനിക്കു ലഭിച്ച പദവിയെ മററുള്ളവരിൽനിന്നും രക്ഷിയ്ക്കുകയാണാവശ്യം. സൈനികഭാഷയിൽപ്പറഞ്ഞാൽ ആയാളുടെനില 'ഒഫൻസീവി'ൽനിന്നു 'ഡിഫൻസീവാ'യി മാറിക്കഴിഞ്ഞു.

മറെറാരു വികാരവുംകൂടി ഈ മനുഷ്യനിൽ അങ്കുരിക്കുന്നു: മൃഗീയമെങ്കിലും, മനുഷ്യരിൽ സാൎവ്വത്രികമായി കുടികൊള്ളുന്ന "സാഡിസ്റ്റ്" സ്വഭാവം. അതായതു, അന്യൻെറ സങ്കടം കാണുന്നതിലുള്ള സന്തോഷം. മനുഷ്യർ സ്വതവേ സഹതാപം, ദയ തുടങ്ങിയ സവിശേഷവികാരങ്ങളാൽ അനുഗൃഹീതനാണെന്നു പറയുവരുന്നു. എന്നാൽ അതു മനുഷ്യമന:ശാസ്ത്രത്തിൻെറ മുഴുവൻ വ്യാഖ്യാനമായില്ല, അതിൻെറ ഒരു പുറം മാത്രമാണ്. മറുപുറം തികച്ചും പരുത്തതും കിരാതപരവുമാണ്. പ്രായേണ മനുഷ്യരിൽ ഈ രണ്ടു സ്വഭാവവിശേഷങ്ങളും ദൎശിക്കാം. അവയിൽ ഏറെക്കുറച്ചിലുണ്ടെന്നല്ലാതെ, അതിൽനിന്നു തീരെ സ്വതന്ത്രരായവരെ കാണ്മാൻ വിഷമമാണ്.

മാർഷൽ ഷുക്കോവിനെപ്പററി (വായനക്കാർ ബർല്ലിനിൽ സോവിയററു മേധാവിയായിക്കഴിയുന്ന ഷുക്കോവാണ് ഇതെന്നു തെററിദ്ധരിക്കരുതേ. എറണാകുളം സ്റ്റേഷനിൽനിന്നുമാത്രം പരിചയിച്ച നമ്മുടെ ഇമിറേറഷൻ ഷുക്കോവാണിതു്) ആലോചിച്ചപ്പോൾ എനിക്കീകാര്യങ്ങളൊക്കെ ഓൎമ്മ വന്നു.

ആയാൾ ഏതൊരു പേർ കൈക്കൊണ്ടാലും, പഴഞ്ചൻ സമ്പ്രദായത്തെ, സ്വകാൎയ്യ ഉടമതത്വത്തെയാണ് ഇവിടെ കൈക്കൊണ്ടിരിക്കുന്നതു്. അപ്പോൾ എനിക്ക് തികച്ചും ബോധ്യമായി, സാമ്പത്തിക രീതികളുടെ മാററംമൂലം മനുഷ്യൻെറ മനസ്സിന്നു മരവിപ്പും അതേപോലെ മൂഢത്വവും വരുമെന്ന തത്വം എത്രമാത്രം ശരിയാണെന്നു്. വാൾട്ടയറുടെ സമകാലീനനായിരുന്ന ഒരു സുപ്രസിദ്ധ ഫ്രഞ്ചു നാസ്തികനെപ്പററി വാൾട്ടയർ ഇങ്ങിനെ പറഞ്ഞുവോൾ: "അദ്ദേഹത്തിന്നു കുറെയേക്കർ ഭൂമി കൊടുക്കുക; ആയാൾ വേഗത്തിൽ ഈശ്വരഭക്തനാവും" അതേപോലെ എനിക്കു തോന്നി, നമ്മുടെ പൊതുവുടമവാദികൾക്കും സമത്വവാദപ്രസ്ഥാനക്കാൎക്കും തീവണ്ടിയിൽ ഒരു സീററു കിട്ടിയാൽ തൽക്ഷണം അവർ അവരുടെ തത്വങ്ങൾ മറക്കും; മാത്രമല്ല, അതിന്നെതിരായി പ്രവൎത്തിക്കുകയുംകൂടിചെയ്യുമെന്നു്!

എനിക്കാദ്യം ഒരു സംശയം തോന്നി, ഈ കൂട്ടർ കൊടുങ്ങല്ലൂരിൽപ്പോയി മടങ്ങുന്നവരായിരിക്കുമെന്നു്. അതേ, ഒരുപക്ഷെ ആ സഞ്ചിയിൽ അവിലോ, പൊരിയോ ആയിരിക്കാം. പലരുടെ കയ്യിലും കാണുന്ന ആ ചുവപ്പു തുണിത്തുണ്ടുകൾ എന്തായിരിക്കും, ഭഗവതിയുടെ പട്ടിൻെറ കഷ്ണങ്ങളല്ലേ?

ഏതായാലും ധീരതയവലംബിച്ചു ഞാൻ ചോദിച്ചു: "കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ ഇപ്പോഴും ധാരാളം പേർ വരാറുണ്ടു, ഇല്ലേ? എന്താണവിടുത്തെ വൎത്തമാനം?"

വീണ്ടും പൊട്ടിച്ചിരിമാത്രം! തികച്ചും പുച്ഛവും പരിഹാസവും കലൎന്ന ചിരി. എനിക്ക് കുറച്ചുംകൂടി അമ്പരപ്പു വൎദ്ധിച്ചു. ഞാൻ ഏകനാണ്. ഇവരാണെങ്കിൽ ഒരു ഡസൻ കാണും—പോരെങ്കിൽ അവൎക്കൊരു കമാണ്ടരുമുണ്ട്: മാർഷൽ ഷുക്കോവ്!

"നിങ്ങൾ ഒരു പിൻതിരിപ്പനാണ്, പഴഞ്ചൻ" കോങ്കണ്ണനായ ആ മനുഷ്യൻ എന്നോടു പറഞ്ഞു. മററുള്ളവർ ഹസ്തതാഡനഘോഷം മുഴക്കി. ആയാളുടെ അഭിപ്രായപ്രകടനത്തിൽ അഭിനന്ദിച്ചു.

"പക്ഷെ" ഞാൻ ലേശം ഇളിഭ്യതയോടെ, എന്നാൽ അതോട്ടും പുറത്തു കാണിക്കാതെ, പറഞ്ഞു, "ഞാനും നിങ്ങളോടൊന്നിച്ചു മുന്നോട്ടു പോവുന്നുണ്ട്. അതു നിങ്ങൾക്കു അറിഞ്ഞുകൂടേ? നമ്മൾ ഒരേ തീവണ്ടിയുടെ ഒരേ മുറിയിൽ ഒന്നിച്ചു പുരോഗമിക്കുന്നു."

അവരെല്ലാവരും അല്പം പരാജിതമനോഭാവം പ്രദൎശിപ്പിച്ചു. എനിക്കു കൂടുതൽ ആവേശം കയറി. ഞാൻ ജയിച്ചതിൽ സ്വയം അഭിനന്ദിച്ചു. മററാരും അതിന്നു തയ്യാറാല്ലാതിരിയ്ക്കെ, ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുകയല്ലാതെയെന്തു ചെയ്യും?

"ആയാളൊരു ബൂർഷ്വായാണ്!" കോങ്കണ്ണൻ എന്നെപ്പററി ഒരു സുഹൃത്തിൻെറ ചെവിയിൽ മന്ത്രിക്കുന്നതു ഞാൻ കേട്ടു. "നോക്കൂ, പ്രൊലിറേററിയൻ നാവിൽനിന്നു ഇങ്ങനെയുള്ള

(ബാക്കി 7-ാം പേജിൽ)

ആഴ്ചക്കുറിപ്പുകൾ

യുദ്ധാനന്തര ജമ്മനിയിലെ പ്രശ്നങ്ങൾ

ജമ്മനിയിൽനിന്നു പരസ്പരവിരുദ്ധങ്ങളായ റിപ്പോർട്ടുകൾ ഈ ആഴ്ചയിൽ കിട്ടിയിട്ടുണ്ട്. സഖ്യശക്തികൾ ജമ്മനിയിൽ ഏതെല്ലാം വിധത്തിൽ എവിടെയെല്ലാമാണ് അധീനിക്കേണ്ടതു് എന്ന പ്രശ്നത്തെപ്പററി ആലോചിച്ചു കഴിഞ്ഞു; എങ്കിലും ജമ്മൻകാരോടു എപ്രകാരത്തിലാണ് പെരുമാറേണ്ടതു് എന്ന വിഷയത്തിൽ ഇനിയും യോജിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ സഖ്യശക്തികൾക്കിടയിൽ ഏകാഭിപ്രായം ഇല്ല. ഒരു "നല്ല" ജമ്മൻകാരൻ എന്നു വെച്ചാലാരാണ്? ഏതൊരു മാനദണ്ഡപ്രകാരമാണ് അതു മനസ്സിലാക്കുക? ഈ "നല്ലമട്ട്" എത്രമാത്രം അഗാധമാണ്? അതോ തൊലിപ്പുറമെയുള്ളതു് മാത്രമാണോ? ഇങ്ങിനെയുള്ള പല ചോദ്യങ്ങളും ഇന്നാവിർഭവിച്ചിട്ടുണ്ട്. അടുത്ത അവസരത്തിൽ ബർല്ലിനിൽവെച്ചു ചേരുന്ന "ത്രിമൂർത്തി" സമ്മേളനത്തിൽ ഈ ചോദ്യങ്ങളും ഇതേപോലെത്തന്നെ പ്രധാനമായ മററനേകം ചോദ്യങ്ങളും ആലോചനാവിഷയങ്ങളാവുന്നതാണ്. റഷ്യയെപ്പററിയുള്ള പിറുപിറുക്കലുകൾ ഇപ്പോഴും കേട്ടുവരുന്നു. ഇതിനെപ്പററി അമേരിക്കൻ അഭ്യന്തരകാര്യമന്ത്രി പറയുന്ന അഭിപ്രായം ശ്രദ്ധേയമാണ് "ചിലപ്പോൾ ഞാനീ പിറുപിറുക്കലുകൾ കേൾക്കുമ്പോൾ ഗോബൽസ് മരിച്ചിട്ടില്ലേ എന്നു കൂടി ശങ്കിക്കുന്നു. അദ്ദേഹം അമേരിക്കയിലേക്കു കുടിയേറിപ്പാർത്തിട്ടുണ്ടായിരിക്കുമോ എന്നുപോലും തോന്നിപ്പോകും. റഷ്യയുടെ അടിയന്തരാവശ്യം ലോകസമാധാനമാണ്." അദ്ദേഹം റഷ്യയുമായി ഒരു യുദ്ധത്തിന്നു അമേരിക്കയെ പ്രേരിപ്പിക്കാൻ ശ്രമിച്ചുവരുന്ന കുതന്ത്രക്കാരുടെ കുത്സിതവൃത്തികളെ കലശലായി ആക്ഷേപിച്ചു.

പുതിയ യൂറോപ്പിൻെറ പിറവി

യൂറോപ്പിലൊട്ടാകെത്തന്നെ സഖ്യശക്തികൾ അഭിമുഖീകരിച്ചുവരുന്ന പ്രശ്നം തീരെ എളുപ്പമേറിയതല്ല. അങ്ങുമിങ്ങുമായി ചിന്നിച്ചിതറപ്പെട്ടു കിടക്കുന്ന 60 ലക്ഷം ആളുകളെ അവരുടെ സ്വന്തരാജ്യത്തേയ്ക്കു് എത്തിക്കേണ്ടതുണ്ട്: ഏതാണ്ടു 2,530,000 പേരോളം സഖ്യ സൈന്യ പാളയത്തിലുണ്ട്. ഒരു ജനകീയ ഭരണം സ്ഥാപിക്കുന്നതിന്നു് വേണ്ട പരിതസ്ഥിതികൾ ജമ്മനിയിലൊഴിച്ചു മററു പല രാജ്യങ്ങളിലും ഉണ്ട്. ഹോളണ്ടിലെയും, ഡൻമാർക്കിലേയും പണിമുടക്കങ്ങൾ തീർന്നു. ഹോളണ്ടിന്നു ഇപ്പോൾ ഒരു പുതിയ ഗവമ്മേണ്ട്. ഡി-ഗാളിൻെറ നേതൃത്വത്തിൽ ഫ്രഞ്ചു ഭരണ ഘടനയിൽ വലിയ ചില ഭേദഗതികൾ ഉണ്ടാവാൻ പോവുന്നു. ബൽജിയത്തിലും പണ്ടേപ്പോലെ ഒച്ചപ്പാടില്ല. നിരവധി നാൾ നിലനിന്ന നിർജ്ജീവമായ നിലനില്പിന്നുശേഷം ജനങ്ങളും രാഷ്ട്രങ്ങളും ഉയിർത്തെഴുന്നേൽക്കുന്നു.

ജപ്പാനിൽ ബോമ്പുവർഷം

ജപ്പാനിൽ ബോമ്പിടുന്നതിന്നു ഏററവും സമീപമുള്ള താവളം ഒക്കിനാവ സഖ്യസേനകളുടെ കയ്യിലകപ്പെട്ടപ്പോൾ കൈവന്നു. ജപ്പാൻെറ വൈയവസായിക പ്രദേശത്തിൽ 120 ച. നാഴിക ബോമ്പാക്രമണം മൂലം കത്തിയെരിഞ്ഞു കീഴ് മറിഞ്ഞതായി പ്രസ്താവിക്കപ്പെട്ടുവരുന്നു. ഇരുപത്താറിൽപരം ജാപ്പനഗരങ്ങൾനാശപ്പെട്ടു. ടോക്കിയോവിന്നു കിട്ടിയ പ്രഹരം ചില്ലറയൊന്നുമല്ല; അതിൽനിന്നു ജാപ്പു തലസ്ഥാന നഗരി അടുത്തകാലത്തൊന്നും സുഖപ്പെട്ടു എഴുന്നേൽക്കുകയില്ല. അവിടത്തെ നിവാസികളിൽ 5,000,000 പേർ നഗരം വിട്ടോടിപ്പോയിരിക്കുന്നു; ഇന്നു് ടോക്കിയോവിൽ താമസിക്കുന്നവർ 2,000,000 പേർ മാത്രമാണ്. അത്രമേൽ വിഷമം പിടിച്ച ഒരു ദശാസന്ധിയിലാണ് ജപ്പാൻെറ നിലനില്പ്.

ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക





പുതിയ അമേരിക്കൻ സ്റ്റേററു സിക്രട്ടറി മി. ബയർണസ്.

തെക്കുകിഴക്കൻ ഏഷ്യയിലെ സ്ഥിതി

ജപ്പാന്നെതിരായുള്ള ചൈന യുദ്ധത്തിൻെറ 8-ാം വാർഷികവേളയിൽ മാർഷൽ ചിയാങ്ങി കൈഷേക്ക് പ്രസിഡണ്ട് ട്രൂമാന്നു അയച്ച ഒരു സന്ദേശത്തിൽ പറയുന്നു: "ജാപ്പു സൈനിക പ്രഭുത്വത്തെ അടിച്ചൊതുക്കുന്ന കൃത്യം അതിൻെറ അന്ത്യ ദശയിലാണ്." തെക്കു കിഴക്കൻ ഏഷ്യയിൽ ശത്രു അഭിമുഖീകരിക്കുന്നതു് അത്രമാത്രം വമ്പിച്ച വിഷമങ്ങളെയാണ്. സിങ്കപ്പൂരിൽ നിന്നു ജാപ്പു സിവിലിയന്മാരെ ഒഴിക്കുന്നതായി പ്രസ്താവിക്കപ്പെട്ടുവരുന്നു. ബോർണിയോ എണ്ണഖനികൾ സഖ്യശക്തികൾ പിടിക്കാൻ കാരണം അവക്കു് എണ്ണയില്ലാഞ്ഞിട്ടാണെന്നാണ് ജാപ്പു റേഡിയോ പ്രസ്താവിക്കുന്നതു്! ഏതായാലും ഈ വക്താക്കൾക്കു എന്തെങ്കിലും ചില മുട്ടുന്യായങ്ങൾ പറഞ്ഞൊപ്പിക്കേണ്ടതുണ്ട്. ബോർണിയോ, ബമ്മ, എന്നീ സ്ഥലങ്ങളിൽ അവക്കു വമ്പിച്ച നഷ്ടകഷ്ടങ്ങൾ പററിയിട്ടുണ്ട്. പക്ഷെ അതൊക്കേ മറക്കുന്നതിന്നു പല തമാശകളും അവർ പറയാൻ തീച്ചയാക്കിയിരിക്കുന്നു!

ഫീൽഡ് പബ്ലിസിററി സംഘടന

1945 ജൂലായി 9-ാംനു മദ്രാസ് ഗവമ്മേണ്ട് താഴെ കാണുന്ന പ്രസ്സ് നോട്ടു പുറപ്പെടുവിച്ചിരിക്കുന്നു:—

യുദ്ധപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്നും ജനങ്ങളുടെ മനോധൈര്യത്തെ പുലർത്തുന്നതിന്നുംവേണ്ടി 1942ൽ ദേശീയ സമരമുന്നണി ഈ സംസ്ഥാനത്തിൽ ഉൽഘാടനം ചെയ്യപ്പെട്ടു. ദേശീയസമരമുന്നണി ഏററവും അമൂല്യമായ സേവനം ചെയ്തിട്ടുണ്ടെന്നു ഗവമ്മേണ്ടു കരുതുന്നു. പക്ഷെ ഇന്നത്തെ പുതിയ പരിതസ്ഥിതിയിൽ ഒരു വ്യത്യസ്തരീതിയിലുള്ള പ്രചരണം ആവശ്യമായിരിക്കുന്നു.

യുദ്ധംമൂലം തങ്ങളുടെ ദൈനംദിന ജീവിതത്തിൽ വന്നുചേർന്നിട്ടുള്ള പരിമിതികളെപ്പററി ജനസാമാന്യത്തിന്നു ഗ്രഹിപ്പിക്കുകയാണ് ഇന്നാവശ്യം. അതിന്നു വിദ്യാഭ്യാസം ആവശ്യമാണ്. ഈ കാര്യങ്ങളുടെ കാരണങ്ങളെ ഗ്രഹിപ്പിക്കുക മാത്രമല്ല ഓരോ പൌരനും ഇതിൽ അനുഷ്ഠിക്കേണ്ട കർത്തവ്യത്തെപ്പററിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. തന്മൂലം ഗവമ്മേണ്ടു ജൂലൈ 9-ാംനു മുതൽ നേഷനൽ വാർഫ്രണ്ട് സംഘടന ഈ സംസ്ഥാനത്തിൽ വേണ്ടെന്നുവെക്കുകയും, അന്നുമുതൽ അതിന്നുപകരം ഫീൽഡ് പബ്ലിസിററി സംഘടന ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഈ പുതിയ സംഘടനയിൽ താഴെകാണുന്ന ഘടക (യൂനിററു) ങ്ങൾ ഉണ്ടായിരിക്കും:—

(I) ഡിസ്ത്രിക്ട് മോബൈൽ പബ്ലിസിററി യൂനിററുകൾ. (II) റീജിയണൽ പബ്ലിസിററി യൂണിററുകൾ, (III) പ്രൊവിൻഷ്യൽ പബ്ലിസിററി യൂണിററ്.

ഡിസ്ത്രിക്ട് യൂനിററിൽ ഒരു ഓർഗനൈസർ, ഒരു പാട്ടുകാരൻ, ഫിലം ഉച്ചഭാഷിണി തുടങ്ങിയവ ഘടിപ്പിച്ച ഒരു പ്രോപ്പഗണ്ട വാൻ തുടങ്ങിയവയുള്ള ഒരു സ്റ്റാഫ് ഉണ്ടായിരിക്കും. ചില വലിയ ജില്ലകളിൽ ഈ വിധത്തിലുള്ള രണ്ടു ഘടകങ്ങളുണ്ടായിരിക്കും. യുദ്ധപ്രചാരത്തിന്നു പുറമെ പട്ടാളത്തിൽ ചേക്കൽ, അമിതാദായം പൂഴ്ത്തിവെപ്പ് മുതലായവക്കെതിരായ ഔദ്യോഗികസംരംഭങ്ങളിൽ സഹായിക്കുന്നതുമായിരിക്കും. പരസ്പര സഹായം, കൃഷി, കാലികൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഷയങ്ങളിലും ജനങ്ങൾക്കു വേണ്ട വിദ്യാഭ്യാസം നൽകുന്നതിന്നും സഹായിക്കും.

റീജ്യണൽ പബ്ലിസിററിഘടകങ്ങൾ പ്രാഥമികമായും മേൽനോട്ടം സംബന്ധിച്ച കൃത്യങ്ങളാണ് ചെയ്യുക. ഒരു റീജിയണൽ ഓർഗനൈസറും ആവശ്യമുള്ള സ്റ്റാഫും ഇതിലുണ്ടായിരിക്കും. സംസ്ഥാനത്തെ നാലു റീജിയൻകളായി വിഭജിച്ചിരിക്കുന്നു. റീജിയണൽ യൂനിററുകളുടേയും, ഡിസ്ത്രിക്ട് യൂനിററുകളുടേയും പ്രവൃത്തികളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒന്നാണ് പ്രൊവിൻഷ്യൽ യൂണിററു. പ്രൊവിൻഷ്യൽ പബ്ലിസിററി യൂനിററിന്നു വേണ്ട നേതൃത്വവും പ്രചരണ വസ്തുക്കളും ഡൽഹിയിലുള്ള സെൻട്രൽ ഓർഗനൈസേഷൻ നൽകുന്നതായിരിക്കും.

ഈ സന്ദർഭത്തിൽ ദേശീയ സമരനിരയെ ഉള്ളഴിഞ്ഞു സഹായിച്ച എല്ലാവക്കും ഗവമ്മേണ്ടു കൃതജ്ഞത പ്രദർശിപ്പിക്കുന്നു.

നാളെത്തെ ജമ്മനി

(എം. ജി. ഹാരിസ്.)

നോക്കുസുഹൃത്തേ, മരിച്ചു മരവിച്ചോ-
രിപ്പുരം, പൊട്ടിത്തകന്നു കിടപ്പതായ്.
വീടുകൾ കാൺമതില്ലെങ്ങുമേ, വീഥികൾ
കാട്ടുപടലമായ് മൂടിക്കിടപ്പൂ ഹാ!
ആപണശാലകളാനന്ദ വേദികൾ,
വ്യാപാരസാന്ദ്രസങ്കേതമാം ചന്തകൾ
ക്രൂററനാം യന്ത്രങ്ങൾ മൂളുന്ന ശാലകൾ,
ഊററം നടിച്ചതാം ഹിററ്ലറിൻ മന്ദിരം
എല്ലാം തകർന്നു തകർന്നു കിടക്കുന്നു
കല്ലും കരട്ടും കനത്ത വെണ്ണീറുമായ് . . . !
എങ്ങും ചിതറിക്കിടക്കുന്നു കണ്ടുവോ,
ചീഞ്ഞളിഞ്ഞുള്ള ശവങ്ങളും ചോരയും?
കൊത്തിവലിക്കുന്ന കാക്കകൾ നോക്കുവിൻ
അല്പമൂതരായ കൂട്ടരെ കൂടിയും,
പാവം പിടഞ്ഞു കരയുന്ന പാതിയും,
പ്രാണൻ വെടിഞ്ഞൊരല്പാപപ്പരിഷകൾ.
ഞാവൽപ്പഴംപോലെ കൊത്തിയെടുക്കുന്നു
മാനുഷന്മാരുടെ കണ്ണിണപക്ഷികൾ
ഉപ്പുന്നിതെല്ലു് കരിമ്പിൻെറ ചണ്ടിപോൽ
ക്രൂററൻ കുറുനരിക്കൂട്ടങ്ങളങ്ങിനെ.
കൊത്തിപ്പിളക്കുന്നു മർത്ത്യ ഹൃദയങ്ങൾ
പുത്തനിളനീർ കണക്കക്കഴുകുകൾ.
യുദ്ധപ്പിശാചതിന്നുച്ഛിഷ്ടമായിട്ടു
തൊക്കവെയോഹരി വെക്കുകയാണവ!
ചേററിൽപ്പുഴക്കളെപ്പോലെയച്ചോരയിൽ
മുററും പിടക്കുന്നു മാനുഷ ജീവികൾ.
വേദന ഞെക്കി ഞെരുക്കുന്നു ജീവിതം
വേഗത്തിൽ മൃത്യുവിൻ മുമ്പിലപ്പിക്കുവാൻ
നഗ്നമായ് നർത്തനം ചെയ്യുന്നിതെങ്ങുമേ
മൃത്യുവിന്നാത്തികളുത്സാഹപൂരിതം.
ആരാണുവിശ്വസിച്ചിടുക പണ്ടത്തെ-
യാരമ്യമാം ബർല്ലിനാണിതെന്നോതുകിൽ?
നൃത്തം ചവിട്ടിയിവിടത്തിലെത്രനാൾ
ഉഷ്പ്രഭുത്വത്തിൻെറ ഉഷ്മമാം നിഷ്ടുകൾ?
എന്നിട്ടൊടുവിൽ വിനാശത്തിലാന്നതാ
ചെന്നിണം ചാർത്തിയമർന്നു വെൺചാരമായ്!

* * *

ഹിററ്ലർമരിച്ചിടാം മൊട്ടുപേരീവിധം
ചത്തുകഴിഞ്ഞു, മരിച്ചിട്ടും, മേലിലും.
പക്ഷെയപ്പാവങ്ങൾ ജമ്മൻ ജനതകൾ
ശാശ്വതമാണെന്നു വിസ്മരിക്കായ്ക നാം.
നിന്ദ്യമന്നാസിസ കാകോളവും ഭുജി-
ച്ചിന്നവരത്രമേൽ നീചരായ്തീർന്നുപോയ്,
ഓരോ ശതാബ്ദങ്ങളായിരമാപത്തു-
മായെത്തിയാഞ്ഞു വിഴുങ്ങിയക്കൂട്ടരെ,
യുദ്ധത്തിനുള്ളതീച്ചൂളയിൽ നീററിയാൽ
ശുദ്ധമാം മർത്ത്യതയെന്നവരോത്തുപോയ്;
നേതാവിനെയന്ധമായ് പിന്തുടരുകിൽ
ശ്രീതാവിട്ടും ഭാവിയെത്തുമെന്നോതിനാർ;
'നോർഡിക്കുരക്ത' മഹിമാവിശേഷത്തെ
നാടൊക്കെ വാഴ്ത്തി നടന്ന ഞെളിഞ്ഞവർ;
വെണ്ണയെക്കാളും, കനത്ത വെടിയുണ്ട-
യുണ്ണുവാൻതന്നെ പരിചയിച്ചാരവർ;
അസ്ഥിശകലാളിതൻ മുകളേറിനി-
ന്നസ്ഥിരനർത്തനം ചെയ്തു മദിച്ചവർ;
യൂറോപ്പുഖണ്ഡത്തെ വെട്ടി നുറുക്കിയ
ചോരക്കുളത്തിങ്കലൂളിയിട്ടാരവർ;
ആവലാതിപ്പെടാതാവോളമീവിധം
പാവങ്ങൾ പാവകൾ പോലെ കഴിഞ്ഞുപോയ്!!
ജമ്മൻ: ജനങ്ങൾ, വെറുക്കുന്നിതന്നാമ-
മൊന്നുകേൾക്കുമ്പോഴുലകം മുഴുവനും;
ജമ്മൻ ജനങ്ങൾ മനുഷ്യത്വ ഭൂതിക-
ളൊന്നുമെഴാത്തവരെന്നോപ്പു സവ്വരും!

* * *

ഗീഥെതൻ ഗീതങ്ങൾ പൊങ്ങിയ ജമ്മനി,
ബീതോവ സംഗീത സാന്ദ്രമാം ജമ്മനി;
മാർക്സിൻെറ തത്വങ്ങളാലീയുലകിന്നു
മാർഗ്ഗം തെളിയിച്ചു നിന്നതാം ജമ്മനി;
ശാസ്ത്രീയ സിദ്ധികൾക്കുള്ള വെളിച്ചത്തി-
ലാസ്ഥിയാംജ്ജിച്ച പ്രശസ്തമാം ജമ്മനി;
ഐൻസ്റ്റീൻ, പ്രൊഫസ്സർ ഫ്രേയ്ഡെന്നീമഹാത്മാ-
ക്കളൈശ്വര്യ ദീപംകൊളുത്തിയ ജമ്മനി;
മാനുഷസിദ്ധിതൻ മാററുകൾ കൂട്ടുമ-
മ്മാഹാത്മ്യകന്ദളാന്ദോളിതം ജമ്മനി.
പൂജിച്ചു ഞങ്ങളപ്പുണ്യത്വമാർന്നുള്ള-
പൂതമാം ഭൂവെ, പുരോഗമനോന്മുഖം!
അന്നാട്ടിലെങ്ങിനെ പൊങ്ങി വിഷവിത്തു
ചിന്നിയീവൃക്ഷം, കരാളമാം നാസിസം?
അന്നാട്ടിലെങ്ങിനെ വന്നിതിരുട്ടിനെ
ച്ചെന്നെതിരേൽക്കും വികാര വികൃതികൾ?
എന്തെന്തു സംഭവിച്ചീടില്ല രാഷ്ട്രീയ-
സമ്പ്രദായങ്ങൾ തകിടം മറിയുകിൽ?

* * *

ജങ്കർപ്രഭൃതികൾ, ക്രുപ്പു,വോഗട്ടി,വർ
ഹുങ്കോടഹങ്കരിച്ചാർത്തു പുളയ്ക്കവേ,
ആയിരമായിര മായുധമാതൃക-
യായത്തമാക്കിപ്രവൃത്തി തുടരവെ,
വേലയില്ലാതെ ജനറലും മാർഷലും
വേതനം കിട്ടുവാൻ വെമ്പിക്കുതിയ്ക്കവേ,
വേണ്ടാതനങ്ങളെക്കൊണ്ടൊരു പോർക്കൂടി
വീണ്ടുമീമന്നിൽ വരുത്താൻ ശ്രമിയ്ക്കവേ,
പണ്ടത്തെ യുദ്ധക്കടംവീട്ടിവീട്ടിഹാ,
തൊണ്ടായ് ചമഞ്ഞതാം മദ്ധ്യവകുപ്പുകാർ,
ഏതെങ്കിലുംവിധം മോചനം വേണമേ-
ന്നോതിപ്രതിവിധിയാരാഞ്ഞുപോകവേ,
വിപ്ലവത്തിൻെറ വിളിയാൽ വിറളിയാർ-
ന്നത്രമേൽപ്പേടിച്ചരണ്ട പഴമകൾ
പട്ടിണിചെയ്യും പ്രതികാര രീതിക്കു
പ്രത്യൌഷധങ്ങൾ തിരഞ്ഞുനോക്കീടവെ,
ചത്തദേശീയ പ്രതാപപ്രസക്തിതൻ
ചീത്താം പ്രേതങ്ങളെങ്ങുമലാത്തവേ,
ആസ്ത്രിയക്കാരനാഭ്രാന്തനൊരുദിനം
പുത്തൻപ്രഭാതത്തിലീശ്വരനായിപോൽ!
സ്വസ്തിക വിശ്വസ്ത ചിഹ്നമായ്, ഫാസിസ്റ്റ-
തത്വങ്ങൾ വേദമായ്, അക്രമം നീതിയായ്.
ആളുകളാട്ടുകൾ, നേതാക്കൾ തുള്ളിയ്ക്കു-
യാടിക്കളിക്കുന്ന പാവകൾ മാത്രമായ്.
ഉന്മാദമാർന്നു ലഹരി കലന്നവർ
തങ്ങളെത്തന്നെ മറന്നു മദിച്ചുപോയ്. [ക്ര-

(തുടരും)

ഭാഷയിലെ സമരസാഹിത്യം

(വിദ്വാൻ, ഗോവിന്ദൻകുട്ടി നായർ)

ജീവശാസ്ത്രദൃഷ്ട്യാ വർഗ്ഗീയപുരോഗതിക്കു സമരം കൂടിയേ കഴിയൂ എന്ന അഭിപ്രായക്കാരായിരുന്നു ഒരു കാലത്തു ചിന്തകന്മാർ. ഇന്നു ആ അഭിപ്രായത്തിന്റെ അടിത്തറ പുഴങ്ങിയിരിക്കുന്നു. മനുഷ്യൻ കുറേക്കൂടി അന്തർമ്മുഖനായപ്പോൾ—അവന്റെ ചിന്ത കാര്യങ്ങളുടെ ബാഹ്യോപാധികളെ തിരസ്കരിച്ചു കാരണങ്ങളുടെ ആന്തരതത്വങ്ങളെ ആരായാനാരംഭിച്ചപ്പോൾ—സമരരഹിതവും ശാന്തസുന്ദരവുമായ ഒരു പ്രപഞ്ചത്തെ ഭാവനയിൽ കാൺമാൻ തുടങ്ങി. ഭൌതികതത്വത്തിന്റെ ആകക്ഷയിൽപ്പെട്ടു വട്ടം കറങ്ങിയ നവീന വിജ്ഞാനം, അതിന്നപ്പുറത്തുള്ള അവാച്യവും ആലോചനാതീതവുമായ എന്തൊ ഒന്നിൽ അധികമധികം ശ്രദ്ധചെലുത്താൻ നിർബ്ബദ്ധമായിരിക്കുന്നു. ഹക്സിലിയെപ്പോലുള്ള ഭൌതികവൈജ്ഞാനികന്മാരുടെ മാനസാന്തരം ഇതിലേക്കു ഒന്നാംതരം തെളിവാണു്. മനശ്ശാസ്ത്രപരമായ, പ്രത്യേകിച്ചു ലൈംഗികവിജ്ഞാനീയത്തോടു ബന്ധപ്പെട്ട, ഗഹനഗവേഷണങ്ങൾ അവഗ്രഥനപ്രവണമായ ബുദ്ധിയെ ആ അപാരതയുടെ വക്കിൽ കൊണ്ടുപോയി നിർത്തി അത്ഭുതസ്തിമിതവും അനന്യശരണവുമാക്കി വീഴ്ത്തുന്ന കാഴ്ചയാണു് ഈ പുതിയ പരിവൎത്തനത്തിൽക്കൂടി നാം വീക്ഷിക്കുന്നതു്. പുരോഗമനോന്മുഖമായ ആധുനികസംസ്കാരം മനുഷ്യനിൽ സമരമനോഭാവം സൃഷ്ടിക്കലല്ല, പ്രത്യുത വളരെ കാലമായി നിലനിന്നുപോരുന്ന അതിനെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യലാണു് ജീവിതലക്ഷ്യമെന്ന അഭിപ്രായത്തിലെത്തിച്ചേൎന്നിരിക്കുന്നു. ജീവിതത്തിലെ ലൈംഗികവും സാംസ്കാരികവുമായ തുറകളിൽ വരുത്തുന്ന സജീവമായ പരിവൎത്തനങ്ങൾകൊണ്ടു്, പതുക്കെക്കണ്ടാണെങ്കിലും ഇതു ഏറക്കുറെ സാധിക്കാവുന്നതാണെന്നു നവീനമനശ്ശാസ്ത്രത്തിന്നു പൂൎണ്ണവിശ്വാസമുണ്ടു്. മനുഷ്യന്റെ വർഗ്ഗീയവികാസത്തിന്റെ മഹിതോദാരണങ്ങളായ മഹാത്മജിയെപ്പോലുള്ള അപൂർവ്വം ചിലവ്യക്തികൾ തങ്ങളുടെ ഹൃദയസ്പന്ദങ്ങൾകൊണ്ടു ശാസ്ത്രത്തിന്റെ അത്തരം സങ്കല്പങ്ങൾ കേവലം മിഥ്യകളല്ലെന്നു തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. സമരത്തെ സംബന്ധിച്ച പുരോഗമനപരമായ ഈ അഭിപ്രായത്തെ ഉള്ളിൽവെച്ചുകൊണ്ടു നമുക്കു ഭാഷയിലെ സമരസാഹിത്യത്തിലേക്കു ഒന്നു കണ്ണോടിക്കാം.

II

സാഹിത്യം ജനതയുടെ വികാരവിചാരങ്ങളുടെ സുന്ദരമായ പ്രതിബിംബമാണെന്നോ ആകണമെന്നോ ഉള്ള സംഗതിയിൽ ആൎക്കും അഭിപ്രായഭേദമൊന്നുമില്ല. എന്നാൽ ആദൎശവാദികളായ നിരൂപകന്മാർ സാഹിത്യദ്വാരാ പ്രതിഫലിക്കുന്ന ഈ വികാരവിചാരങ്ങൾ സംസ്കാരോത്തേജകങ്ങളും ജീവിതത്തെ സുന്ദരമാക്കാൻ പൎയ്യാപ്തങ്ങളുമാകണമെന്നു പറയും. അതിനാൽ സാംസ്കാരിക മൂല്യത്തെ മുൻനിർത്തി, സാഹിത്യത്തിന്റെ സമുജ്ജ്വലമണ്ഡലത്തിൽ പ്രവേശിക്കുന്ന എല്ലാകൃതികളേയും ഒരേനിലയിൽ വീക്ഷിപ്പാൻ അവൎക്കു സാധിക്കുന്നില്ല. കലാപരമായി എത്രതന്നെ മെച്ചപ്പെട്ടവയാണെങ്കിലും വിചാരശുദ്ധികുറഞ്ഞ കൃതികൾ കാലക്രമേണ വിഗണിക്കപ്പെട്ടുവരുന്നുവെന്നതിന്നു എത്രയോ ഉദാഹരണങ്ങളുണ്ടു്. നേരെമറിച്ചു ആദൎശസമ്പന്നങ്ങളായ കൃതികൾ അവയിലെ കലാശില്പത്തിന്റെ കുററങ്ങളും കുറവുകളും അത്രയേറെ നിരൂപണം ചെയ്യപ്പെടാതെ നെടുകാലം നിലനില്ക്കുന്നതായും നാം കാണുന്നു. ഭാഷയിൽ പൂന്താനത്തിന്റെ കൃതികൾക്കു ആ പൂജ്യസ്ഥാനം എങ്ങനെ സിദ്ധിച്ചു? അവയിലെ കരളലിയിക്കുന്ന കലാചാതുരികൊണ്ടല്ല; പിന്നേയോ? ആദൎശശുദ്ധികൊണ്ടു്. ഉണ്ണിയാടീചരിതം, ഉണ്ണിയച്ചീചരിതം, ഉണ്ണുനീലി സന്ദേശം, ചന്ദ്രോത്സവം തുടങ്ങി കലാഭംഗിയിൽ ഒട്ടും പിശുക്കുകൂട്ടാതെ നിർമ്മിക്കപ്പെട്ട എത്രയോ കൃതികൾ കാലാന്തരത്തിൽ വിസ്മൃതങ്ങളായി. പിന്നീടു ഗ്രന്ഥഗവേഷകന്മാർ വേണ്ടിവന്നു അവയെ വെളിക്കുകൊണ്ടുവരാൻ. അത്തരം കൃതികൾ അവയുടെ നിർമ്മാണകാലത്തു അനുവാചകന്മാരുടെ ഹൃദയത്തിന്റെ ഉപരിതലത്തെയല്ലാതെ അഗാധതയെ സ്പൎശിച്ചിരുന്നില്ലെന്നാണു് പിൻകാലത്തെ ആത്യന്തികമായ വിസ്മൃതിയിൽനിന്നു വിശദമാകുന്നതു.

ഒരു കൃതി ഹൃദയത്തിന്റെ അഗാധതലത്തെ ചലിപ്പിക്കണമെങ്കിൽ അതു തികച്ചും 'രസാത്മക'മായേ കഴിയൂ. സാഹിത്യത്തിന്റെ ആത്മാവും ആകൎഷണോപാധിയും രസമാകുന്നു. വിചാരശുദ്ധി, ഇതിവൃത്തത്തിന്റെ ഔൽകൃഷ്ട്യം തുടങ്ങിയവ രസപുഷ്ടിക്കു അത്യാവശ്യമായതുകൊണ്ടാണു പ്രാചീനന്മാർ സാഹിത്യത്തിന്റെ സാങ്കേതികവശങ്ങളിൽ അവയെയും കാൎയ്യമായെണ്ണിപ്പോന്നതു. രസമാകട്ടെ ജനതയുടെ മാനസിക വ്യാപാരങ്ങളെയും രുചിവിശേഷത്തെയും ഏറെക്കുറെ ആശ്രയിച്ചാണു് ആവിഷ്കൃതവും ആസ്വാദ്യവുമായിത്തീരുന്നതു്. സുഖലോലുപവും കാമാസക്തവുമായ ഒരു വൎഗ്ഗത്തിന്റെ സാഹിത്യം പ്രായേണ ശൃംഗാരരസപ്രധാനവും സമരമനോഭാവമുള്ളവരുടേതു വീരരസവിശിഷ്ടവും ക്ലിഷ്ടജീവിതം നയിക്കുന്നവരുടേതു കരുണരസം കാതലായിട്ടുള്ളതുമായിരിക്കും. വൎഗ്ഗീയമായ ഈ രുചിവിശേഷം വ്യക്തിഗതമായ സാഹിത്യവ്യവസായത്തിലും നിഴലിക്കുന്നതു കാണാം. കാളിദാസന്റെ തൂലിക ശൃംഗാരത്തിലും, ഭവഭൂതിയുടേതു കരുണത്തിലും നിപുണമാവാൻ കാരണം ആ കവികളുടെ വ്യക്തിപരമായ വിശേഷതകളാകുന്നു. ഭാഷാകവികളിൽ ചെറുശ്ശേരി, മൂലവികാരങ്ങളെയല്ലാതെ വീരരൌദ്രങ്ങളെ സ്ഥായിയായി പ്രകാശിപ്പിക്കാൻ അത്ര പ്രഗത്ഭനല്ല; ഭക്തനും വിരക്തനുമാണെങ്കിലും എഴുത്തച്ഛന്റെ ഉപബോധമനസ്സിൽ പരമ്പരാസിദ്ധമായ സമരമനോഭാവം ഉറങ്ങിക്കിടക്കുന്നതുകൊണ്ടു അദ്ദേഹത്തിന്റെ ഹൃദയം താദൃശസന്ദൎഭങ്ങളോടു താദാത്മ്യം പ്രാപിക്കുമ്പോൾ, ആ പ്രകൃതങ്ങൾ വീരരസനിഷ്യന്ദികളായി രൂപാന്തരപ്പെടുന്നു. വിഷയത്തോടു ആത്യന്തികമായി വിലയം പ്രാപിപ്പാനുള്ള ഈ ഒരു പ്രവണത ഭാഷാകവികളിൽ എഴുത്തച്ഛനിലെന്നപോലെ മററാരിലും അത്ര പ്രകടമായി പ്രകാശിക്കുന്നില്ലെന്നുകൂടി കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.

III

യുദ്ധം ഏതുകാലത്തും വീരരസ പ്രധാനങ്ങളായ ഉത്തമകൃതികൾക്കു മാൎഗ്ഗദൎശനം ചെയ്തുപോന്നിട്ടുണ്ടു്. രാമായണം, ഭാരതം തുടങ്ങിയ ഇതിഹാസ കൃതികളിലെ പ്രമേയംതന്നെ യുദ്ധമാണല്ലോ. ഇതരരാജ്യങ്ങളിലെ ഇതിഹാസകാവ്യങ്ങളുടെ സ്ഥിതിയും ഇതിൽനിന്നു വ്യത്യസ്തമല്ല. ആംഗലനിരൂപകന്മാർ അനുകരണേതിഹാസങ്ങൾ അഥവാ ഇമിറേററീവ് എപ്പിക്സ് എന്നു വിളിക്കുന്ന ക്ലാസിക് പ്രസ്ഥാനത്തിൽപ്പെട്ട കാവ്യങ്ങളിലും വീരരസത്തിന്നുള്ള സ്ഥാനം അത്ര താഴ്ന്നതല്ല. മലയാളത്തിലെ ഇതിഹാസങ്ങളെന്നു വിളിക്കാവുന്ന വടക്കൻ പാട്ടുകളിലെതന്നെ പ്രധാനരസമെന്താണു്? ഒതേനൻ, ചന്തു തുടങ്ങിയ നായകന്മാരുടേയും മാതു മുതലായ നായികമാരുടേയും അപദാനങ്ങൾ പ്രതിഷ്ഠിതമായിരിക്കുന്നതുതന്നെ അവരുടെ ശൌൎയ്യവീൎയ്യപരാക്രമാദികളായ സമരമനോഭാവങ്ങളിലാകുന്നു. ആ മനോഭാവങ്ങളെ ധാൎമ്മികമായ കാരണങ്ങളുമായി പൊരുത്തപ്പെടുത്തിയപ്പോഴാണു അവർ സാമാന്യജനങ്ങൾക്കു ആരാദ്ധ്യരും അനുകരണീയരുമായിത്തീൎന്നതു്. അവരുടെ അപദാനങ്ങൾ അനഭ്യസ്തവിദ്യരെങ്കിലും ധൎമ്മബോധാശ്ലിഷ്ടരായ ഗ്രാമീണരുടെ ഹൃദയങ്ങളിൽ ഉളവാക്കിയ അലകളുടെ അനുരണനമത്രേ വടക്കൻ പാട്ടുകൾ. സമുദായത്തിന്റെ ബാല്യദശയിൽ ഇതരങ്ങളെ അപേക്ഷിച്ചു സമരസംബന്ധികളായ ചിത്തവൃത്തികൾക്കായിരിക്കും ജനതാഹൃദയത്തിൽ വമ്പും മുമ്പുമുണ്ടായിരിക്കുക. അതാണു ഏതു ഭാഷയിലും ആദിമസാഹിത്യസമ്പത്തുകളധികവും വീരരസപ്രധാനമായിരിക്കുന്നതിന്റെ രഹസ്യം. സമുദായം വളർന്നുവരുന്നതോടുകൂടി സമരമനോഭാവം മന്ദപ്രഭമായിത്തീരുന്നു. നാം ഇന്നു യുദ്ധത്തെ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അതിന്റെ കാരണം സാമുദായിക ജീവിതത്തിൽ നമുക്കു സിദ്ധിച്ച പുരോഗതിയാണു്.

മൌലിക കാരണം എന്തുതന്നെയായാലും മലയാളിക്കു കഴിഞ്ഞ ലോകമഹായുദ്ധത്തോടുള്ളതിനേക്കാൾ കൂടുതൽ അടുപ്പം ഈ യുദ്ധത്തോടുണ്ടായിട്ടുണ്ടു്. അവൻ കരയിലും കടലിലും ആകാശത്തുംവെച്ചു മരണവും തീവ്രയാതനകളുമായി മല്ലിട്ടുകൊണ്ടിരിക്കുന്നു. അവന്റെ ഉററവരും ഉടയവരും യുദ്ധത്തിന്റെ ഓമനസ്സന്താനങ്ങളായ കഷ്ടപ്പാടുകളുടെയും ദാരിദ്ര്യത്തിന്റെയും പകൎച്ചവ്യാധിയുടെയും കണ്ണിലുണ്ണികളായി കഴിഞ്ഞുകൂടുന്നു. മാററാനോടേൽക്കുന്ന മലയാളിക്കു കവിത്വവും പാണ്ഡിത്യവുമില്ലെങ്കിൽ പോട്ടെ. അവന്റെ പരാക്രമങ്ങളെ ഭാവനയിൽക്കൂടി വീക്ഷിച്ചു ഇപ്പുറത്തിരിക്കുന്നുണ്ടല്ലൊ ആ രണ്ടു ഗുണവും തികഞ്ഞവർ. അവരുടെ തൂലികകൾ കേരളത്തിൽ സാമുദായികവും രാഷ്ട്രീയവുമായി കോളിളക്കങ്ങളുണ്ടാക്കിയവയാണു്. അവയിലെ അന്നത്തെ മഷി ഇന്നും ഉണങ്ങീട്ടുണ്ടെന്നു പറഞ്ഞുകൂട. എന്നാൽ സമരസംബന്ധിയായ ഇന്നത്തെ പരിതസ്ഥിതിയിൽ ആ തൂലികകൾ നിശ്ചയം നിലക്കൊള്ളുന്നതേയുള്ളു. ഈ നിസ്സംഗതയ്ക്കു എന്താണു് കാരണം? ധാൎമ്മികമായ അന്തശ്ചോദനത്തിന്റെ അഭാവമായിരിക്കുമോ?

ഇതരസാഹിത്യങ്ങളുടെ സ്ഥിതി ഇക്കാൎയ്യത്തിൽ അസൂയാവഹമാണു്. സമരപരമായ ചിന്തകൾ അവയെ സവിശേഷം പോഷിപ്പിക്കുന്നു. റഷ്യക്കാരനെയും ചീനക്കാരനെയും പടക്കളത്തിലേക്കു പാഞ്ഞുചെല്ലാനും മാതൃഭൂമിക്കുവേണ്ടി മരിപ്പാനും പ്രേരിപ്പിക്കുന്ന തരത്തിൽ ആവേശം ഉറന്നൊഴുകുന്ന എത്രയോ സമരഗാനങ്ങൾ അവരുടെ സാഹിത്യത്തിലുണ്ടായിട്ടുണ്ടു്. ശത്രുവിന്റെ കൌടില്യങ്ങളെയും ക്രൂരപ്രവൃത്തികളെയും ഹൃദയംഗമമായി ചിത്രീകരിക്കുകയും അവക്കെതിരായി വായനക്കാരുടെ ധൎമ്മബോധത്തെ ഉത്തേജിപ്പിച്ചു അവരെ ആവേശഭരിതരാക്കുകയും ചെയ്യുന്ന കൃതികൾ ഇംഗ്ലീഷിലും ദുർല്ലഭമല്ല. കവികളും സാഹിത്യകാരന്മാരും സ്വദേശത്തിന്റെ സ്വാതന്ത്ര്യവും സംസ്കാരവും അപകടത്തിലാകുമെന്ന വിചാരത്തോടുകൂടി സ്വന്തം ജീവരക്തത്തിൽ തൂലിക മുക്കിയെഴുതുന്ന അത്തരം കവിതകളും കഥകളും അതാതു സാഹിത്യങ്ങളിൽ മികച്ച കലാസൃഷ്ടികളായി നിലകൊള്ളുന്നു. സാഹിത്യകാരന്റെ ആത്മാൎത്ഥത അവയിൽ ഇണക്കിച്ചേൎത്തിട്ടുള്ള ആസ്വാദ്യതക്കു അതിരില്ല. കലയുടെ കാന്തിത്തഴപ്പിൽ അവ പ്രചരണപരങ്ങളാണെന്ന വസ്തുതതന്നെ നാം വിസ്മരിച്ചുകളയുന്നു. അവയുടെ ഉദ്ദേശ്യം—നാസിസത്തെയും ഫാസിസത്തെയും എതിൎക്കുവാനുള്ള ആഹ്വാനം—നമ്മുടെ രക്തത്തിലെ ഓരോ പരമാണുവിലേയ്ക്കും പാഞ്ഞുകയറുന്നുണ്ടു്:

ദൈനദിനജീവിതവുമായി അത്രയധികം ബന്ധപ്പെട്ടിട്ടും ഈ യുദ്ധം ഭാഷാസാഹിത്യത്തിൽ പറയത്തക്ക യാതൊരു ചലനവുമുണ്ടാക്കീട്ടില്ല. എന്നാൽ സമരസംബന്ധികളെന്നു വിളിക്കാവുന്ന തരത്തിൽ നമുക്കു നിസ്സാരമല്ലാത്ത ഒരു സാഹിത്യശേഖരമുണ്ടുതാനും.

(ബാക്കി 12-ാം പേജിൽ)

വിക്ടോറിയ ക്രോസ് നേടിയ ഭാരതീയവീരന്മാർ





(1) മദ്ധ്യ ബർമ്മയിൽ ചെയ്ത ഒരു ധീരകൃത്യത്തിന്നായി പഞ്ചാബു റജിമെൻറിൽപെട്ട ലഫ്ററനൻറ് കറംജീത് സിങ്ങിന്ന (മരണാനന്തരം) വി. സി. നല്കപ്പെട്ടു.

2) ഇററലിയിൽ പ്രദർശിപ്പിച്ച പരാക്രമത്തിന്നും നൈപുണിയ്ക്കുമായി സിപ്പോയി ആലി ഹൈദർക്കും വി. സി. നല്കപ്പെട്ടു.

(3) റാഞ്ചിയിലുള്ള ഡബ്ള്യൂ. എ. സി. (ഐ.) സിഗ്നൽ ട്രെയിനിങ്ങ് സ്കൂളിൽ.

(3-ാം പേജിൽനിന്ന തുടൎച്ച).

അഭിപ്രായം വരില്ല. ആയാളുടെ വാക്കിൽ 'മെക്കാനിക്കൽ മെററീയലിസ'മാണ്. ചുവക്കുന്നതു് ഡയലററിക്സിൻെറ വിരോധിയാണയാൾ."

അമ്പമ്പോ! എന്തൊക്കെ കണ്ടുപിടുത്തങ്ങളാണ്? ഇത്രയൊക്കെ വിഷമം പിടിച്ച വാക്കുകളുച്ചരിച്ച ആയാൾ വളരെ ക്ഷീണിച്ചിരിക്കും. പാവം, ഒരു ഇളനീർ വില്പനക്കാരനെ കണ്ടെത്തിയെങ്കിൽ!

"താൻ സി.ഐ.ഡി.യാണോ?" ക്യുക്കോവ് ചോദിച്ചു.

നോക്കണം, ആയാളുടെ ധിക്കാരം!

"ഞാൻ നിങ്ങൾ വിചാരിക്കുന്ന തരത്തിൽപ്പെട്ടതൊന്നുമല്ല. ഒരു പത്രപ്രവൎത്തകനാണ്." ഞാൻ വാസ്തവം വെളിപ്പെടുത്തി.

"നിങ്ങൾ പുരോഗമനക്കാരനാണോ?" വേറൊരാൾ ആൎത്തിയോടെ അന്വേഷിച്ചു.

"അതേ, പക്ഷെ എന്താണ് പുരോഗമനം? ആ വാക്കിൻെറ വ്യാപ്തി വക്താവിൻെറ വീക്ഷണഗതിയനുസരിച്ചാണിരിക്കുന്നതു്?" തെല്ലൊന്നു ചൊടിച്ചു ഞാൻ തട്ടിവിട്ടു.

വീണ്ടും കോങ്കണ്ണൻ മുന്നോട്ടു വന്നു: എന്നെ അല്പം തുറിച്ചുനോക്കി. എന്നിട്ടിങ്ങിനെ ചോദിച്ചു, "നിങ്ങളെ എവിടെയോവെച്ചു കണ്ടപോലെ . . . ഓ! നിങ്ങൾ ഭൂഗർഭ (അണ്ടർഗ്രൌണ്ട്)ത്തിലുണ്ടായിരുന്നകാലത്തു എന്നെ കണ്ടിട്ടുണ്ടോ?"

"എനിക്കു ഭൂഗൎഭത്തിലുള്ള ആരെയും പരിചയമില്ല. പലരേയും ഇപ്പോഴും കാണാറുണ്ട്—പെരുച്ചാഴികളെ!" ഞാൻ അടിച്ചുവിട്ടു.

"ഞാനപ്പോഴും പറഞ്ഞില്ലേ നിങ്ങളൊരു ബൂർഷ്വായാണെന്ന്" കോങ്കണ്ണൻ പ്രതിവചിച്ചു.

"നിങ്ങളെന്തു പറഞ്ഞാലും ശരി തന്നെ" ഞാൻ മറുപടി പറഞ്ഞു "നിങ്ങൾ ക്യുക്കോവും, ടിറോവുമാണെന്നും മററുള്ളോർ ബൂർഷ്വായും, ബുദ്ധിശൂന്യരുമാണെന്നും പറയുന്നു. എനിക്കതിലതിശയമില്ല. പറയുമ്പോൾ ശുണ്ഠിപിടിക്കരുതു്. നിങ്ങളുടെ ദൃഷ്ടിയുടെ വക്രതപോലെത്തന്നെ തലച്ചോറിന്നും തകരാറുണ്ടോ എന്ന എനിക്കറിഞ്ഞുകൂടാ. ചിന്തിയ്ക്കുക, വിവേകത്തോടെ ചിന്തിയ്ക്കുക, എന്നിട്ടു അഭിപ്രായഗതികൾ പറയുക."

"എടോ! ഇമ്മൂപ്പർ ഒരു വലിയ വിവേകാനന്ദനാവുന്നു. മതി നിൎത്തുകയാണ് നല്ലതു്" ഒരാൾ എന്നെ ഭീഷണിപ്പെടുത്തി.

"ബ്ബർ, ബ്ബർ, ബ്ബർ" എല്ലാവരും കൂക്കിവിളിച്ചു. അല്ലാ, ഇതെങ്ങിനെ ഇത്ര വേഗം ഈ വണ്ടി മുറി ഒരു കടുന്നൽക്കൂടായിമാറി?

അവർ ആകെ ഇളകി മറിഞ്ഞു. വല്ലാത്ത ഒരു പരക്കംപാച്ചിൽ. ഞാനും വല്ലാതെ പരിഭ്രമിച്ചു. എന്താണ് ആ മനുഷ്യൻ ചെയ്യുവാനുള്ള ഭാവം? ക്യുക്കോവ് എന്നെപ്പിടിച്ചു താഴെയിട്ടാലോ? എനിക്കു വിറക്കാൻ തുടങ്ങി. ഓ! ഒന്നിനും പോകേണ്ടിയിരുന്നില്ല. എനിക്കെന്തിന്നു ഈ തലച്ചോറുണ്ടായി? ആരുടെയും വങ്കത്തരങ്ങൾ വകവെച്ചുകൊടുക്കുന്ന ഒരു നേതാവോ, സേവകനോ, നിസ്വാൎത്ഥിയോ എനിക്കും ആയിത്തീരായിരുന്നില്ലേ?

അതാ, ആ മനുഷ്യൻ മുഷ്ടി ചുരുട്ടുന്നു! ഞാൻ ഒന്നു പിടഞ്ഞു. എന്താണ് ഇടിയൊച്ചപോലെ കേൾക്കുന്ന ആ ശബ്ദം? അവർ വണ്ടിയുടെ മേൽപ്പലക എൻെറ തലയ്ക്കു് ഇടാനുള്ള ഭാവമാണോ?

"ടിക്കററ് പ്ലീസ്" ടിക്കററു കലക്ടർ എന്നെ ഉണൎത്തി. ആവൂ! ഞാൻ നെടുതായൊന്നു നിശ്വസിച്ചു—ഒരാശ്വാസനിശ്വാസം. സ്വപ്നത്തിൽ ഇത്രയധികം ഭയങ്കരതകളുണ്ടാകുമെന്നോ?

"എന്നരുമക്കാതലീ! നാൻ വാറുക് പോറേൻ നീ കവലപ്പെടാതേ,

എന്നരുമക്കാതലി" ആ പത്തൻ വണ്ടി മുറിയിൽനിന്ന പാടുന്നു. "എവിടെ ക്യുക്കോവ്?" ഞാൻ പരിഭ്രമത്തോടെ ചോദിച്ചു. എൻെറ പിറകിലിരുന്നു പത്രം വായിച്ചിരുന്ന മുറിമീശക്കാരൻ പറഞ്ഞു. "ബർല്ലിനിൽ!" ഞാൻ ലജ്ജിച്ചു തലതാഴ്ത്തി.

(അവസാനിച്ചു).

അവരുടെ തൂലിക—

സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടി

(By John Lehmann.)

(വിവർത്തകൻ, എൻ. ജെ. പാമ്പാടി.)

യൂറോപ്യൻ സമരമുഖത്തെ വിജയകരമായ ഒരു പരിണാമത്തിലേക്കു എത്തിച്ചേർത്ത ഈ യുദ്ധം നാസികളുടെ ആക്രമണത്താൽ ഉലഞ്ഞുകൊണ്ടിരുന്ന രാജ്യങ്ങളുടെ രാഷ്ട്രീയ നിലയെ മാത്രമല്ല, പ്രത്യുത ആ കരുന്നുകൾക്കു ആധാരമായിരിക്കുന്ന വിശ്വാസത്തേയും ചിന്താഗതികളേയും, സർവ്വോപരി ജീവിതരീതികളേ പൊതുവേ തന്നെയും ബാധിച്ച ആദർശങ്ങളുടെ ഒരു സമരമായിരുന്നു എന്നു വ്യക്തമായിട്ടുണ്ട്.

ആദർശങ്ങൾക്കുവേണ്ടി പൊരുതുന്ന താദൃശ സമരത്തിൽ സാഹിത്യകാരന്മാർക്കു അതിപ്രധാനമായ ചില ചുമതലകളുണ്ട്. ഷെല്ലുകളും വെടിയുണ്ടകളും അന്തരീക്ഷത്തിൽ മിന്നൽപിണരുകൾ പരത്തിയ ഇരുളടഞ്ഞ വിനാഴികകളിൽ പോലും, നമ്മുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്ന സജീവോദ്ബോധനങ്ങൾക്കു ജനയിതാക്കളായി ചിരം ജീവികളായ സാഹിത്യകാരന്മാരെക്കുറിച്ചു—ഇംഗ്ലണ്ടിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ മിൽടൺ, വേഡ്സ്‌വർത്ത് ഷെല്ലി തുടങ്ങിയ വിഖ്യാതരേക്കുറിച്ചു തന്നെ ഉള്ള സ്മരണകളാണ് ഒരുവനിൽ ആദ്യമായി ഉദിക്കുക.

നമ്മുടെ സമകാലികന്മാരായ സാഹിത്യകാരന്മാർക്കും അവരുടെ ഭാഗം അഭിനയിക്കേണ്ടിയിരുന്നു. മേലുദ്ധരിച്ച വിശ്വവിശ്രുതരേപ്പോലെ പ്രാമുഖ്യവും പ്രാധാന്യവുമുള്ള എഴുത്തുകാർ ആധുനിക വൃത്തപരിധിയിൽ വളരെ ദുർലഭമാണെന്നിരുന്നാലും നിർബാധകമായ സമരവിജയത്തിന്നുവേണ്ടി അവർ ചെയ്തു യത്നവൈവിധ്യങ്ങൾ അമൂല്യങ്ങളാണ്. പ്രഥമവീക്ഷണത്തിൽ തോന്നിയേക്കാവുന്ന മതിപ്പിനേക്കാൾ എത്രയോ മഹത്തരവും ഭാവനാതീതവുമായിരുന്നു അവയുടെ വിലയും വേലകളും!

ബ്രിട്ടീഷ്‌സൈനികചരിത്രത്തിൽ അഗ്രഗണ്യസ്ഥാനം വഹിക്കുന്ന മഹാരഥന്മാരിൽ ഒരാളായ ജനറൽ വോൾഫ് ഒരിക്കൽ പ്രസ്താവിക്കയുണ്ടായി: ക്യുബക്കിനേ കീഴടക്കുവാൻ വേണ്ടിവന്ന മഹാ യത്നങ്ങളേക്കാൾ ആ ഗ്രാമീണ ദേവാലയാങ്കണത്തിലിരുന്നു രചിക്കപ്പെട്ട തോമസ് ഗ്രേയുടെ 'ശോകഗീതി' (Gray's "Elegy in a Country Churchyard") തനിക്കെഴുതുവാൻ കഴിഞ്ഞിരുന്നെങ്കിൽ അതായിരിക്കും താൻ കൂടുതൽ വിലമതിക്കുന്നതെന്നു! ബ്രിട്ടീഷ് ചരിത്രത്തിലെ സംഭവബഹുലമായ അദ്ധ്യായങ്ങളെ, അല്ല ബ്രിട്ടനിലെ രാഷ്ട്രീയാന്തരീക്ഷം സമര സമ്മർദ്ദനത്തിരയിൽ അലഞ്ഞുലഞ്ഞപ്പോൾ ജീവസ്ഫുലിംഗങ്ങൾ വിതറിയ പദ്യകൃതികൾ ഹൃദയങ്ങളിൽ കുത്തിവെച്ച സമാരാധ്യമായ കൃത്യബോധത്തെ ഈ കഥ ഏതാണ്ട് അനാവരണം ചെയ്തു കാണിക്കുന്നു.

യുദ്ധത്തിൽത്തന്നെ സമാപിക്കുന്ന ഒന്നാണെന്ന് കണ്ണുമടച്ചു വിശ്വസിക്കുന്ന ജർമ്മൻകാരോടൊപ്പം ചിന്താഗതികളേ അടിച്ചുകെട്ടുവാൻ ബ്രിട്ടീഷ് ജനതതിക്കു നാളതുവരെ കഴിഞ്ഞിട്ടേയില്ല. സ്വാതന്ത്ര്യസംരക്ഷണത്തിന്നുവേണ്ടിയുള്ള പ്രാർത്ഥനകൾക്കും തക്ക ശ്രദ്ധ ചെലുത്തുവാൻ അപ്പോഴപ്പോൾ അവർക്കു കഴിഞ്ഞിരുന്നെങ്കിലും അതൊന്നും അവർ അത്ര ഗണ്യമാക്കിയില്ല. യുദ്ധം പൊട്ടിപ്പുറപ്പെട്ടിട്ടുപോലും, കാരണം, പൊരുളും പൊരുത്തവും നിറഞ്ഞ തൂലികാഹ്വാനങ്ങൾ ഹൃദയങ്ങളെ ഇളക്കി മറിച്ചു പ്രബുദ്ധോന്മാദകങ്ങളാക്കുവാൻ തക്ക കെല്പുള്ള സമരാഹ്വാനകാഹളങ്ങളായിരുന്നു എന്നതാണ്.

ഇക്കാരണത്താലാണ് ബ്രിട്ടീഷ് സേനയിലെ ചിന്താശീലരായ യുവകോടികൾക്ക് തങ്ങൾ പിറന്ന ദശാകാലം തലയിൽ കെട്ടിവെച്ച ദുർഘടമേറിയ വൈതരണി സുഗമമായിതരണം ചെയ്യുവാനും സാന്മാർഗ്ഗിക താല്പര്യങ്ങളെ പുലർത്തുവാനും അവർക്ക് അനുവേക്ഷ കഴിഞ്ഞതു. ണീയമായിരുന്ന സജീവതാപത്തിന്റെ വിത്തുകൾ നിറഞ്ഞവയായിരുന്നു അവരുടെ കൃതികൾ.

സാർവ്വജനീനമായ ഐക്യത, പ്രതിയോഗിയോടു ഏററുമുട്ടുവാനുള്ള അന്യാദൃശമായ ധീരോദാത്തത, ബ്രിട്ടന്റെ ഭാവിയെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസം എന്നിവ പ്രത്യേകം എടുത്തു പറയണമെന്നില്ല. സാർവ്വലൌകികപ്രസിദ്ധി നേടിയ വിസ്മയജനകമായ ബ്രിട്ടന്റെ സാഹിത്യപാരമ്പര്യപ്പൊയ്ക ഈ ഉന്മാദക സമരാഗ്നിയിൽ വററിയില്ല, വരണ്ടതുമില്ല. അതായിരുന്നു മുഖ്യമായ അവരുടെ പരിരക്ഷണതാല്പര്യവും. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്നു ശേഷം ശാന്തമായും ക്രമാനുഗതമായും തങ്ങൾ രചിച്ചുകൊണ്ടിരുന്ന കവിതകൾ, നോവലുകൾ, ലേഖനങ്ങൾ തുടങ്ങിയ സ്ഫടിക 'ജാലകങ്ങൾ' വഴി ബ്രിട്ടനിലേ ഇന്നത്തേ ഒന്നാം കിടയിൽ നില്ക്കുന്ന എഴുത്തുകാർ തെളിച്ചു കാട്ടിയ ഭാവിയും ഭാവുകങ്ങളും വെടിയുണ്ടയുടെ മുൻപിൽ ധീരധീരം നെഞ്ചുകാട്ടിനിന്നു പോരാടുന്ന യുവയോദ്ധാക്കളുടെ ദോളായമാനമായ ഹൃദയങ്ങളിൽ ജീവല്ലതികകൾ അടിച്ചുകയററി. അമൂല്യങ്ങളായിരുന്നു അവരുടെ സാഹിത്യസേവനങ്ങൾ. ഇന്നവർ കൊണ്ടാടുന്ന വിജയത്തിലേക്കു എത്തിച്ചേരുവാൻ ആ തൂലികത്തുമ്പുകൾ മാർഗ്ഗദർശകങ്ങളായിനിന്നു.

സമരവേളകളിൽ കാലാനുസൃതമായ സാഹിതീ ചിത്രങ്ങളെഴുതുവാൻ ഒരു ആംഗല യുവസാഹിത്യകാരൻ ഉദ്യമിക്കുമ്പോൾ അയാൾ പിൻതലമുറയിലെ സുപ്രസിദ്ധ തൂലികത്തുമ്പുകളിലേക്കു കണ്ണോടിക്കുന്നു. സാഹിത്യ കളരിയിലേക്കു കാലുവെച്ചു തുടങ്ങിയിരിക്കുന്ന തനിക്കു സ്വയാർജ്ജിതമായ പല വീക്ഷണലക്ഷ്യങ്ങളുണ്ടായിരുന്നാലും യുദ്ധവേളയിലേ സാർവ്വത്രികഭഗീരഥ പ്രയത്നങ്ങളിൽനിന്നും തെററി ഒഴിഞ്ഞുകളയുമെന്ന് അയാൾ കരുതുന്നില്ല; ആഗ്രഹിക്കുന്നതുമില്ല. തന്റെ അനുഭവജ്ഞാനവും പ്രയോഗസാദ്ധ്യതകളും വെച്ചുകൊണ്ടു ഏററവും യുക്തവും കാലാനുസൃതവുമായിത്തോന്നുന്ന കോണിൽ നിന്നുകൊണ്ടു സന്തോഷപുരസ്സരം ആ ഭാരമെല്ലാം തോളുകൊടുത്തു അയാൾ താങ്ങുന്നു.

ആധുനികസമരസാഹിത്യകാരന്മാരിൽ പ്രഥമ ഗണനീയരായ പല യുവാക്കന്മാരും പരിതാപകരമായി ജീവൽത്യാഗങ്ങൾ ഈ സമരത്തിൽ അനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ട്. അവരേ കൂടാതെയുള്ള നാളത്തേ സാഹിത്യലോകം അതഹിക്കമായിരുന്ന നിലയിൽ പുരോഗമിക്കുവാൻ ഇടയില്ലതന്നെ. ഇന്ത്യയിൽവെച്ചു കൊല്ലപ്പെട്ട അലൻലെവി, ടൂനീഷ്യായിൽ മൃതിയടഞ്ഞ സിഡ്നി കീസ്, ഇററലിയിൽ അന്തരിച്ച ഡ്രമണ്ട് ആലിസൺ, റിച്ചാഡ്സ് ഹിലാറി, സ്റ്റീഫൻ ഹഗ്ഗാഡ്സ്, തിമോത്തി കോർസലീസ്, റിച്ചാഡ്സ് സ്പെൻഡർ തുടങ്ങി അനേകംപേർ നമ്മുടെ സവിശേഷമായ സ്മരണയ്ക്കും ബഹുമാനത്തിനും പാത്രീഭൂതരായിട്ടുണ്ട്. ഭൂലോകത്തേ ആകമാനം വല്ലിളിച്ചു വിരട്ടുവാൻ വ്യർത്ഥമായി പരിശ്രമിച്ച നാസികളിൽനിന്നും ലോകത്തേ ഉദ്ധരിക്കുവാനുള്ള മഹായത്നത്തിൽ ഹതരായി തങ്ങളേക്കാൾ വാസനാബലം കുറഞ്ഞ ഗ്രാമീണരോടൊപ്പം ഭൂഗർഭത്തിൽ നിശ്ശബ്ദമായി നിദ്ര ചെയ്യുകയാണിന്നവർ.

പടച്ചട്ടയണിഞ്ഞുകൊണ്ടു സമരമണ്ഡലത്തിൽ സേവനം ചെയ്യുന്ന യുവഗ്രന്ഥകാരന്മാരാണ് ഇനി ഒരു കൂട്ടർ. പൊതുജനങ്ങളുടെ അറിവിന്നുവേണ്ടി ആകാശയുദ്ധത്തേക്കുറിച്ചു ആദ്യമായി ഒരു ഗ്രന്ഥം രചിച്ച ബ്രിട്ടീഷ് വ്യോമസേനയിലെ വിങ്ങ് കമാൻഡർ പാൾ റിച്ചി; 1939 നു ശേഷം ഉദ്ദീപകങ്ങളും ഫലിത രസപ്രധാനങ്ങളുമായ രണ്ടു കൃതികൾ നിർമ്മിച്ച കമാൻഡോസ് ക്യാപ്ററൻ, ഫൈററർ പൈലററ് ഇവ്‌ലിൻ വോ; "പുത്തരിയുടെ നടുവിൽ" (I am a stranger here myself) എന്ന തലക്കെട്ടിൽ കപ്പലിന്റെ അടിത്തട്ടിലേ ജീവിതം തന്മയത്വത്തോടുകൂടെ ചിത്രീകരിച്ച നോവൽകർത്താവായ ബ്രി. റോയൽ നേവി ലഫ്. ആൻറണി തോൺ; ഒരു ഇററാലിയ യുദ്ധതടവുപുള്ളിയുടെ കാരാഗാരജീവിതാനുഭവങ്ങളേ ചിത്രീകരിച്ച സുപ്രസിദ്ധ ഗ്രന്ഥനിർമ്മാതാവും ആഫ്രിക്കയിൽവെച്ചു മുറിവേററ ആളുമായ ആർമ്മി ക്യാപ്ററൻ ബ്രയിൻസ്റ്റൺ; സമരസാഹിത്യത്തിൽ അഭൂതപൂർവ്വമായ സ്ഥാനം കരസ്ഥമാക്കിയ രണ്ടു കാവ്യങ്ങളുടെ ജനയിതാവ് ഫ്ലീററ് ലഫ്. റോയി ഫുള്ളർ, "മലിനമാകാത്ത പാദരക്ഷകളണിഞ്ഞ് മരിക്കുന്ന അവർ" (They die with their boots clean) എന്ന ശൈത്യ പ്രദേശങ്ങളിലെ പടയാളികൾ ആർജ്ജിക്കുന്ന അനർഘനേട്ടങ്ങൾ വിവരിക്കുന്നതും മററും പല ഉത്തേജകങ്ങളായ സമരകഥകൾ ചിത്രീകരിക്കുന്നതുമായ അനേകം കൃതികളുടെ കർത്താവായ ലഫ്. ഗറാൾഡ് കേഷ്; പൊതുജനങ്ങളുടെയും വ്യോമസേനകളുടേയും ഇടയിൽ ഒരുപോലെ പ്രചുരപ്രചാരം ലഭിച്ച കവിതാനിർമ്മാതാവു സ്ക്വാഡ്രൺ ലീഡർ ജോൺ പുട്ട്നി; തൊഴിലാളികളെ ഇളക്കിമറിച്ച റാഫ് കഥകൾ തുടങ്ങി സുപ്രസിദ്ധങ്ങളായ അനേകം കഥകൾ എഴുതിയ വൈമാനികൻ ജോൺ സമ്മർ ഫീൽഡ് എന്നിങ്ങനെ സമരസാഹിത്യ ശേഖരണം ചെയ്യുന്ന ഏതൊരാളിന്റെയും അലമാരികളിൽ സ്ഥലം പിടിച്ചിരിക്കാവുന്ന അനേകമനേകം ഗ്രന്ഥകർത്താക്കൾ ഇന്നു പടച്ചട്ടധരിച്ചവരായിട്ടുണ്ട്.

ഇല്ല, അവിടെ അവസാനിക്കുന്നില്ല ആ രത്നഹാരത്തിന്റെ നീണ്ട പട്ടിക. നാഷനൽ ഫയർ സർവീസിൽ ദേശീയസംരക്ഷണം ചെയ്യുന്നവരായി മറെറാരു കൂട്ടരുണ്ട്. സുപ്രസിദ്ധ കവിയും നിരൂപകനുമായ സ്റ്റീഫൻ സ്പെൻഡർ; സമുജ്ജ്വല നോവലെഴുത്തുകാരൻ ഹെൻട്രി ഗ്രീൻ; വികാരോദ്ദീപകങ്ങളും ദ്വയാർത്ഥ പ്രധാനങ്ങളുമായ അനേകം ഗ്രന്ഥങ്ങൾ രചിച്ച വില്യം സാംസൺ തുടങ്ങി പലരും ആ വകുപ്പിൽ ഗണനീയരാണ്. തങ്ങൾ ഏല്പ്പെട്ടിരിക്കുന്ന സൈനികജോലിത്തിരക്കുകളുടെയിടയിൽ ശ്രമകരമെങ്കിലും സുന്ദരവും സൃഷ്ടിപരവുമായ അനേകം അമൂല്യഹാരങ്ങൾ സാഹിതീദേവിയെ അണിയിക്കുവാൻ അവർക്കു കഴിഞ്ഞു. ഇന്നു വിജയവൈജയന്തി മുഴക്കുന്ന തങ്ങളുടെ രാഷ്ട്രത്തിന്നുവേണ്ടി അവർ നിർവ്വഹിച്ച കൃത്യങ്ങൾ ദ്വിവിധങ്ങളാണ്: സമരപരവും, സമരസാഹിത്യപരവും.

നൈസർഗ്ഗിക വാസനകളെ വിഘ്നം കൂടാതെ പ്രകാശിപ്പിക്കുവാൻ സൌകര്യപ്രദമായ തുറകളിൽ നിയമിതരായവരാണ് മററു ചിലർ. ബ്രിട്ടീഷ് നാവികചരിത്രം വിവരിക്കുന്ന "നൌക" (The Ship) എന്ന ഗ്രന്ഥം എഴുതിയ സി. എസ്സ്. ഫോറസ്റ്ററേപ്പോലെ സുപ്രസിദ്ധരായി മററാരേയും അക്കൂട്ടത്തിൽ കാണുകയില്ല. സമര ലേഖകന്മാരെ ഇത്തരുണത്തിൽ വിസ്മരിക്കാവുന്നതല്ല. അലൻമൂർ ഹെഡ്; അലക്സാണ്ടർ ക്ലിഫോർഡ്; ഇററലിയിൽ ഹതനായ എ. ബി. ആസ്റ്റിൻ; ജെയിസ് ആൾഡ്രിഡ്ജ്; ജി. എൽ. സ്റ്റീയർ തുടങ്ങിയ സുപ്രസിദ്ധ സമരലേഖകന്മാരുടെ എഴുത്തുകൾ കേവലം റിപ്പോർട്ടുകൾ മാത്രമായിരുന്നില്ല. കരയി

ലും കടലിലും ആകാശത്തിലും നടന്നുകൊണ്ടിരുന്ന ഏററുമുട്ടലുകളുടെ ഇടുക്കുപാതകളിൽ വിജയപ്രാപ്തിക്കായി വിയർപ്പും ചോരയും ഒഴുക്കി സധീരം പോരാടുന്ന സേനാവിഭാഗങ്ങളുടെ ചതഞ്ഞതെങ്കിലും സുന്ദരവും സമാരാദ്ധ്യവുമായ സേവനാപ്രതീതിയും അനുഭവവൈവിദ്ധ്യങ്ങളും വരച്ചുകാണിച്ചു അവർ സമരധൂളികൾ അടിഞ്ഞു ശാന്തമായിക്കൊണ്ടിരിക്കുന്ന ഇന്ന് ഒരു തിരിഞ്ഞുനോട്ടത്തിന്നു തികച്ചും വഴി തെളിക്കുന്നുണ്ട് ആ പ്രശസ്തങ്ങളായ വേലകൾ!

ശ്രദ്ധേയമായ മറെറാരു രംഗം സിനിമാലോകമാണ്. തൻെറ ഹൃദയാകർഷകമായ സംഭാഷണരചനയും കഥാപാത്ര സൃഷ്ടിയും മൂലം ആയോധന മഹായത്നത്തിൽ ബ്രിട്ടനിലെ സകല ജനവിഭാഗങ്ങളും കൈകോർത്തു പങ്കെടുക്കുവാൻ മുഖാന്തിരമാക്കുന്ന പ്രശസ്തവേലകൾ ചെയ്തു. നോയൽകവാഡ് 1939നു ശേഷം ബ്രിട്ടനിൽനിന്നും പുറത്തുവന്നിട്ടുള്ളതിൽ അസൂയാർഹമായ സ്ഥാനം വഹിക്കുന്ന "നമ്മുടെ സേവനാപരിധിയിൽ" (In Which We Serve) "ഈ സന്തുഷ്ട ജനാവലി" (This Happy Breed) എന്നീ രണ്ടു ഫിലിമുകൾ അദ്ദേഹം നിർമ്മിക്കയുണ്ടായി. ബ്രിട്ടനിൽ സാർവ്വത്രികമായ പ്രചാരം അവയ്ക്കു ലഭിച്ചു. ബ്രിട്ടീഷ് ജനതതിയുടെ സുസ്ഥിരമായ ലക്ഷ്യത്തെക്കുറിച്ചു മററുള്ളവർക്കു മനസ്സിലാക്കുവാൻ തികച്ചും പര്യാപ്തങ്ങളായിരുന്നു അവ.

കഴിഞ്ഞ അഞ്ചുവർഷക്കാലങ്ങൾക്കിടയിൽ സജീവങ്ങളായ പല നോവലുകളും നാടകങ്ങളും നിർമ്മിച്ച ജെ. ബി. പ്രീസ്റ്റിലിയാണ് വേറൊരു ഗണനീയൻ. സംഭവബഹുലമായ 1940-ലെ സായംകാലങ്ങളിൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ് കോർപറേഷനാൽ പ്രക്ഷേപണം ചെയ്യപ്പെട്ട "അനുബന്ധം" (Postscripts) എന്ന അദ്ദേഹത്തിൻെറ പ്രബോധനാ പരമ്പരകൾ പ്രഖ്യാതങ്ങളാണ്.

ബ്രിട്ടീഷ് വ്യോമസേനയുടെ ചരിത്രനിർമ്മാണത്തിൽ നിയമിതനായിരിക്കയാണ് ചെറുകഥാകൃത്തായ എച്ച്. ഇ. ബെററ്സ്. "ഫ്ലൈററ് ലഫ്: എക്സ്" എന്ന അജ്ഞാതനാമധേയത്തിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ചെറുകഥാപരമ്പരകൾ, വാസനാബലമുള്ള തൂലികകൾക്കു സൌകര്യ സംവിധാനങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതായാൽ സാഹിത്യലോകത്തിൽ അത്ഭുതകരങ്ങളായ മാജിക്കുവേലകൾ ചെയ്യുവാൻ സാധിക്കുമെന്നുള്ളതിന്നു മകുടോദാഹരണങ്ങളാണ്.

ബ്രിട്ടീഷു ഗവമ്മേണ്ടു ഡിപ്പാർട്ടുമെണ്ടുകൾ യുദ്ധകാലതാല്പര്യങ്ങൾക്കുവേണ്ടി പ്രവൃത്തിച്ച നാനാമുഖങ്ങളായ പ്രവർത്തനപരിപാടികളുടെ ചരിത്രരചനയ്ക്കു മറെറാരു ചെറുകഥാകൃത്തായ വി. എസ്സ്. പ്രിച്ചെററ് എന്ന ദേഹമാണ് തികച്ചും ഉത്തരവാദി. 1944ൽ അന്തരിച്ച ഓവൻ റട്ടർ, "ബ്രിട്ടനിലെ യുദ്ധം" (The Battle of Britain) എന്ന സർവ്വപ്രധാനമായ ചരിത്രം എഴുതിയ ഹിലാറിസെൻറ് ജോർജ്ജ് സാൻഡ്രേഴ്സ് ഇവരും ആ വൃത്തത്തിലെ മണിവിളക്കുകളാണ്.

ബ്രിട്ടീഷ്ബ്രോഡ്കാസ്റ്റിംഗ് കോർപറേഷൻ, മിനിസ്ററി ആഫ് ഇൻഫർമേഷൻ എന്നീ പ്രസ്ഥാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും തങ്ങളുടെ കൃത്യം നിർവ്വഹിക്കാതിരുന്നില്ല. ലൂയി മാക്നീസിൻെറ ശ്രദ്ധേയങ്ങളായ റേഡിയോപരിപാടികൾ, സമരചരിത്രകാരകന്മാരുടെ യത്നങ്ങളെ ലാഘവപ്പെടുത്തിയ സെസിൽ ഡേ ലേവിസ്, ലാറിയോ ലീ എന്നിവരുടെ ആശയബഹുലങ്ങളായ കവിതകൾ, ഇവയെല്ലാം നമ്മുടെ പ്രത്യേക ശ്രദ്ധക്കു വിഷയീഭവിക്കുന്ന ഔദ്യോഗികമായ തങ്ങളുടെ ജോലികൾ കൂടാതെ മററു സാഹിത്യപ്രയത്നങ്ങളും ഇവർ ചെയ്തിട്ടുണ്ട്. ഈയിടെ നവീകരിച്ച കോളിൻമാസികാ പത്രാധിപരും ഗവമ്മേണ്ടു ഡിപ്പാർട്ടുമെണ്ടിൽ ജോലി ചെയ്യുന്ന ദേഹവുമായ പീററർ കണൽ; "ദ്വിജന്മം" (Double Lives) എന്ന വിശ്രുത ആത്മകഥാകഥനകർത്താവായ വില്യം പ്ലോമർ തുടങ്ങി പലരും സാഹിത്യഭണ്ഡാഗാരത്തിലെ ഭഗീരഥപ്രയത്നത്തിൽ പങ്കെടുത്തവരാണ്.

ബ്രിട്ടീഷ് സൈന്യവ്യൂഹത്തേയും പൊതുജനങ്ങളേയും തമ്മിൽ, പടക്കളത്തിൻെറ മുന്നണിയേയും പിന്നണിയേയും തമ്മിൽ ഘടിപ്പിച്ചു സചേതനമായ ഒരു പാലം നിർമ്മിക്കുവാൻ ഈ തൂലികാചിത്രകാരന്മാർ സഹായിച്ചു. അതേ, 1940-നു ശേഷം ബ്രിട്ടൻ സാഭിമാനം അനുഭവിച്ചുപോരുന്ന ദേശീയൈക്യതയുടെ പൂർത്തീകരണത്തിന്നു തികച്ചും ഉത്തരവാദികളായിരുന്നു അവർ. സൈനിക വലയത്തിന്നുള്ളിൽ പടച്ചട്ടയണിഞ്ഞ യുവകോടികൾ എഴുതിയിട്ടുള്ള ഉൽഘടസമ്പൂർണ്ണമായ സ്വാനുഭവ ചിത്രീകരണങ്ങൾ അതർഹിക്കുന്ന നിലയിൽ നമ്മുടെ മുമ്പിൽ നിരന്നുനില്ക്കുന്നു. *"ന്യൂ റൈററിങ്" (New Writing)", "ഹൊറൈസൺ" (Horizon) തുടങ്ങി പല പ്രസിദ്ധീകരണങ്ങളിലും അപ്പോഴപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള താദൃശ കവിതകളും ചിത്രീകരണങ്ങളും പൊട്ടിത്തെറിക്കപ്പലുകളുടെയിടയിൽ ജീവൽകണങ്ങൾ വിതറിയ സർവ്വവ്യാപകമായ ഈ ഉദ്ധാരണ പ്രയത്നചരിത്രത്തിൽ ചില അദ്ധ്യായങ്ങൾതന്നെ കരസ്ഥമാക്കിക്കഴിഞ്ഞു എന്നു സമ്മതിച്ചേ തീരൂ.

വിപുലമായ ഐക്യകക്ഷിയിൽപെട്ട ഇതര സഹോദര സാഹിത്യകാരന്മാരുടെ പ്രവർത്തനസാദ്ധ്യതകളെപ്പററി ബ്രിട്ടനിലെ ഗ്രന്ഥകാരന്മാർ ജിജ്ഞാസയോടും ബഹുമാനത്തോടും കൌതുകത്തോടുംകൂടി പഠിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കോൺഗ്രസ്സ് ലൈബ്രേറിയനും പ്രസിഡണ്ട് റൂസ്‌വെൽററിൻെറ രഹസ്യോപദേഷ്ടാവുമായിരുന്ന ആർച്ചിബോൾഡ് മാക്‌ലീഷിൻെറ ആകർഷകങ്ങളും ആദർശപരങ്ങളുമായ സാഹിത്യസേവനങ്ങൾ; ഹൃദയം നുറുങ്ങി ഭൂതകാലചരിത്രത്തിലേക്കു നോക്കി കാഹളം മുഴക്കിയ ലൂയി ആരഗൺ എന്ന ഫ്രഞ്ചു സാഹിത്യകാരൻ; അർത്ഥഗർഭങ്ങളും ഫ്രഞ്ചുപ്രധാനങ്ങളുമായ ചരിത്രാഖ്യായികാ കർത്താവായ റഷ്യയിലെ അലക്സി റേറാൾസ്റ്റോയി; സർവ്വോപരി റഷ്യായും ബ്രിട്ടനും മൈത്രീബന്ധത്തിൽ ഏർപ്പെട്ടതിനു ശേഷം വിവർത്തനം ചെയ്യപ്പെട്ട അനേകമനേകം റഷ്യൻ നാടകങ്ങൾ, നോവലുകൾ ഇവയെല്ലാം; സമരസാഹിത്യ ലോകത്തിലേ മണിവിളക്കുകളാണ്. ഐക്യ കക്ഷികളുടെയിടയിൽ മുളച്ചുവളർന്ന ദേശീയ വിഷയ വിജ്ഞാനവും സഹാനുഭൂതിയും തഴച്ചു വളരുവാനും, അങ്ങിനെ കഴിഞ്ഞ ചില വർഷങ്ങളായി അടിസ്ഥാനമിട്ടു കെട്ടിപ്പടുത്തുപോരുന്ന സുന്ദരസോപാനത്തിൻെറ പരിപൂർത്തിക്കും നിലനില്പിനും യത്നിച്ചു ഇന്നു കൈവന്നിരിക്കുന്ന വിജയലഹരിയുടെ സന്തോഷം പൂർണ്ണമാക്കുവാനും ശ്രമിക്കയെന്നതാണ് ഇനിയത്തെ അവരുടെ മുഖ്യ ജോലി.

നാം അധിവസിക്കുന്ന ഈ ബ്രിട്ടനിൽ ശത്രുവിനു കാലെടുത്തു കുത്തുവാൻപോലും കഴിഞ്ഞിട്ടില്ല. റഷ്യാ, ഫ്രാൻസ്, സെക്കോസ്ലാവാക്യാ എന്നീ ഇതര പാശ്ചാത്യ രാജ്യങ്ങളിൽ സംഭവിച്ചതുപോലെ കൺസെൻട്രേഷൻ ക്യാമ്പുകളിൽ നമ്മുടെ സാഹിത്യകാരന്മാർ മൃതിയടയേണ്ടി വന്നിട്ടില്ല; †മാക്കി (Maquis)യുടെ പ്രവർത്തന പരിപാടികളിൽ ഭാഗഭാക്കുകളായില്ല; ഉൽഘടമായ ഗോറില്ലാ സമരങ്ങളും ചെയ്തിട്ടില്ല. പക്ഷേ, ഒന്നവർക്കു കഴിഞ്ഞു: ഇരച്ചുകയറിയ പ്രതിയോഗികളുടെ ഷെല്ലുകളുടേയും ബോംബുകളുടേയും മുൻപിൽ കുലുങ്ങാതെ നെഞ്ചുറപ്പോടെ ഉറച്ചു നില്ക്കുവാൻ. അനന്യസാധാരണമായ ഈ ഉറപ്പും സ്ഥൈര്യവും വിജയ വീഥിയിലേക്കു അവരെ വേഗം കൊണ്ടു ചെന്നാക്കി. അതു നമ്മുടെ സവിശേഷമായ ശ്രദ്ധയ്ക്കും പ്രശംസയ്ക്കും വിഷയമായി; എന്നെന്നും വിഷയമായിരിക്കയും ചെയ്യും.

ഇല്ല; തീർന്നില്ല. ഇനിയും നമ്മുടെ സ്മരണമണ്ഡലത്തിൽ നിരന്നുനിൽക്കുന്ന പലരുമുണ്ട്. എതിരാളിയുടെ പിടിയിൽ പെട്ടിരിക്കുമ്പോൾ തന്നെ നാസികളുടെ നിർദ്ദയമായ മട്ടനമേററു ജീവന്മരണ പ്രശ്നങ്ങൾക്കിടയിൽ കിടന്ന് എരിപൊരി കൊണ്ടു തൻെറ ജനങ്ങളേയും രാജ്യത്തേയും ഉദ്ധരിക്കുവാൻ എരിഞ്ഞു നീറുന്ന ഹൃദയത്തോടും രക്തബാഷ്പങ്ങളോടും വിരമിച്ച തൻെറ കവിതകൾമൂലം ജനാവലിയെ പ്രബുദ്ധരാക്കി വിപ്ലവാന്തരീക്ഷത്തിലേക്കു നയിച്ചു എന്ന കാരണത്താൽ നാസികളുടെ രക്തപങ്കിലമായ ഖഡ്ഗത്തിനിരയായ വിററ്സ്ലാ നെസ്വാൾ എന്ന സുപ്രസിദ്ധ സെക്കോസ്ലോവാക്യൻ; യുദ്ധാരംഭത്തിൽ നാസി തടവുകാരനായിരുന്നു രക്ഷപ്പെട്ടു ഒടുവിൽ ഫ്രാൻസിൻെറ ദക്ഷിണ ഭാഗത്തായി താൻ ചെയ്തുകൊണ്ടിരുന്ന ശാന്തമായ സാഹിത്യ യത്നങ്ങൾ വെടിഞ്ഞു, മാക്കിയേ സഹായിക്കുവാൻ പുറപ്പെട്ട വൈമാനികനും നോവൽ കർത്താവുമായ ആൻഡ്രിമാൽറോ; ബ്രിട്ടനിൽനിന്നും തൻെറ സ്വന്ത രാജ്യത്ത് നടത്തിയ അപായകരങ്ങളായ ആകാശാക്രമണങ്ങളിൽ പങ്കെടുത്തു കടശ്ശിയിൽ ബർലിനിൽ നടത്തിയ ഒരു ബോംബു വർഷത്തിനിടയിൽ ഇങ്ങിനിവരാതവണ്ണം അന്തരിച്ച ധീരോദാത്തനായ നോർഡാൾ ഗ്രേഗ് എന്ന നോർവീജിയൻ എഴുത്തുകാരൻ; അതേ, ആ വിപുലമായ അണിയിൽ നിരന്നു നിൽക്കുന്ന പലരിൽ ചിലരാണിവർ.

താദൃശമായ സേവനങ്ങൾ നിർവ്വഹിക്കുവാനുള്ള ഭാഗധേയം ബ്രിട്ടന് ഉണ്ടായിരുന്നില്ലെങ്കിലും നമ്മുടെ സാഹിത്യകാരന്മാർക്കും യുവകോടികൾക്കും അനുഷ്ഠിക്കേണ്ടിയിരുന്ന സേവനങ്ങളും ത്യാഗങ്ങളും കേവലം ലഘുവായിരുന്നില്ല. ഈ മഹാത്യാഗങ്ങൾക്കു ഉദാഹരണമായി രണ്ടു പേരുകൾ പറയാമെന്നിരുന്നാൽ ഒന്ന് ഗ്രന്ഥകർത്താവും ചരിത്രഗവേഷകനുമായിരുന്നു ഒടുവിൽ പടയാളിയായി മെഡിററേനിയൻ സമരരംഗത്തിൽ കൊല്ലപ്പെട്ട കേണൽ സ്ററാൻലി കേസൻ എന്ന ദേഹവും മറെറാന്നു ഒരു ധീര നാവികസേനാനിയായിരുന്നു സാഹിത്യകാരനായി രൂപാന്തരപ്പെട്ട് 1943 ലെ ആക്രമണത്തിൽ പെട്ടു മൃതിയടഞ്ഞ ലഫ്. കമാൻഡർ റോബർട്ടു ഹിക്കൻസു എന്ന ദേഹവുമാണ്.

ബ്രിട്ടനിലെ സാഹിത്യകാരന്മാരെല്ലാം ഈ മഹാ ത്യാഗങ്ങളേയും ഐക്യ വ്യൂഹത്തിൽ പെട്ട ഇതര രാഷ്ട്രങ്ങളിലെ ശേഷിയും ശേമുഷിയും തികഞ്ഞ അനേകരുടെ ജീവൽത്യാഗങ്ങളേയും ഓർത്ത് വിലപിക്കുന്നുണ്ട്. പക്ഷേ, ഇന്നു ഈ വിജയവേളയിൽ അവർ ആഹ്ലാദിക്കുന്നു! വിശ്വവിശ്രുതനായ ഒരു സാഹിത്യചക്രവർത്തി ഇന്നും സജ്ജീവനായി അവരുടെ മദ്ധ്യത്തിലുണ്ടെന്നുള്ളതിനാൽ! ചർച്ചിൽ. അതേ, ചർച്ചിൽ തന്നെയാണ് ആ മഹാരഥൻ. ഇരുളടഞ്ഞ ഈ പ്രയാണത്തിൻെറ അന്ത്യത്തോളം നിശ്ചയ ദാർഢ്യത്തോടുകൂടെ സമർത്ഥമായി ചുക്കാൻ പിടിച്ച വിൻസ്റ്റൻ ചർച്ചിൽ ഇന്നത്തെ വിജയകോലാഹലങ്ങൾ കാണുവാൻ ദീർഘായുഷ്മാനായി അവരോടുകൂടെയുള്ളതിനാൽ അവർ ആഹ്ലാദിച്ചാർക്കുന്നു!

---

* ഇതെഴുതിയ ആൾതന്നെയാണ് ആ പ്രസിദ്ധീകരണത്തിൻെറ പത്രാധിപർ.

† 'മാക്കി' (Maquis) ഒരു ഫ്രഞ്ചു പദമാണ്. രഹസ്യമായതു എന്നാണതിൻെറ അർത്ഥം. ഫ്രഞ്ചു രാജ്യം ജർമ്മൻ നാസികളുടെ നിഷ്ഠൂരഭരണത്തിൻ കീഴിലായപ്പോൾ ദേശഭക്തരായ ഫ്രഞ്ചു പ്രമാണികൾ ഒത്തുകൂടി ഒരു രഹസ്യസംഘം രൂപീകരിച്ചു. കവികൾ, വ്യാപാരികൾ, അദ്ധ്യാപകന്മാർ മററും വിവിധ തൊഴിൽക്കാർ, ഈ രഹസ്യ സമിതിയിലെ അംഗങ്ങളായി ചേർന്നു. പകലെല്ലാം അവരുടെ സാധാരണ വേലകളിൽ ഏർപ്പെടും. രാത്രികാലങ്ങളിൽ അവർ ഒത്തുകൂടും. തങ്ങളുടെ രാജ്യത്തെ വിടുവിപ്പാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുവാൻ വളരെ ഗോപ്യമായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. ഉന്മത്തരായ ജർമ്മൻകാർക്കു അതു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. ക്യാമ്പുകൾക്കു തീ വെക്കുക, തീവണ്ടി പാലങ്ങൾ നശിപ്പിക്കുക തുടങ്ങി പല പ്രവർത്തനങ്ങളും അവർ ചെയ്തിട്ടുണ്ട്. ജർമ്മൻകാരെപ്പററിയുള്ള പല വലിയ രഹസ്യങ്ങൾ അപ്പോഴപ്പോൾ ഐക്യകക്ഷികളെ അവർ ഗോപ്യമായി അറിയിച്ചുകൊണ്ടിരുന്നു. [എൻ. ജെ. വി.]

ചെറുകഥ

അച്ഛന്റെ മകൾ

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.)

ഞാൻ സുന്ദരിയാണെന്നു ഞാൻതന്നെ പറഞ്ഞാൽ നിങ്ങൾ ചിരിക്കുവാനിടയുണ്ട്. എങ്കിലും വിധവകൾ സുന്ദരികളായാണല്ലൊ പ്രായേണ കാണപ്പെടാറുള്ളത്. അതും യൌവനം അതിന്റെ സൌരഭ്യം പരിസരങ്ങളിലെങ്ങും വാരിവിതറുന്ന ആ കാലഘട്ടത്തിൽ ദിവംഗതനായ ഭർത്താവിന്റെ പ്രതിച്ഛായ എന്റെ കൺമുന്നിൽ നിഴലിച്ചിരുന്നു. മധുവിധുകാലത്തെ സംഭവങ്ങൾ ഓർത്തപ്പോൾ എന്റെ ഹൃദയം ഉരുകുന്നതുപോലെ എനിക്കു തോന്നി. ഞാൻ പൊട്ടിക്കരഞ്ഞു. അതുകേട്ടുകൊണ്ടാണ് മുത്തശ്ശി എന്റെ മുറിയിലേക്കു വന്നത്. എന്നെ ആശ്വസിപ്പിക്കുവാൻ പലതും മുത്തശ്ശി പറഞ്ഞു. ഒടുവിൽ എന്റെ മുഖം അവരുടെ നേർക്കു സ്വന്തം കൈകൊണ്ടു പിടിച്ചുതിരിച്ചശേഷം അവർ പറയുകയാണ്: "സരോ, നീ ശ്രദ്ധിക്കണം. നിനക്കു മനസ്സിലാകുവാൻ വേണ്ടിയാണ് ഞാൻ ഇതെല്ലാം പറയുന്നത്. ഇല്ലെങ്കിൽ അതാ ഞാൻ കടന്നുപോവുകയാണ്."

"ഞാൻ കേൾക്കാം പറയൂ."

അവർ പറഞ്ഞുതുടങ്ങി, "നിനക്കു വ്യസനിക്കാതിരിക്കാൻ കഴിയുമെന്നു ഞാൻ പറയുന്നില്ല. അതെല്ലാം നിന്റെ ഇഷ്ടംപോലെ. നിനക്കുള്ളതുപോലെ ജീവിതത്തിലെ ഈ വശീകരണഘട്ടം എനിക്കും ഒരിക്കൽ ഉണ്ടായിരുന്നു. അതിനെക്കുറിച്ചാണ് ഞാൻ പറയുവാൻ പോകുന്നത്. ഒരുപക്ഷെ നിനക്കതു രസിക്കില്ലായിരിക്കാം. എന്നാൽ വികാരക്ഷുബ്ധമായ നിന്റെ ഹൃദയം ശാന്തമാകയും, കാലം കടന്നുപോകുമ്പോഴുണ്ടാകുന്ന മന്ദമാരുതനേല്ക്കുകയും ചെയ്തശേഷം ഞാൻ പറഞ്ഞതെല്ലാം ആത്യന്തം പരമാർത്ഥമാണെന്നു നിനക്കു മനസ്സിലാകും. പ്രേമവും തജ്ജന്യമായ സുഖവും നിരാശയും വ്യസനവും കാലത്തിന്നുമുന്നിൽ മാറാലയെക്കാൾ വേഗത്തിൽ ചിതറിപ്പോകുന്നവയാണ്. ഉദാഹരണമായി, ജീവിതത്തിലെ ചില ചിത്രങ്ങൾ അതിന്റെ നഗ്നരൂപത്തിൽ ഞാൻ നിനക്കു കാണിച്ചുതരാം. ശ്രദ്ധിക്കു.

"അന്നു ഞാൻ കേവലം പതിനാറു വയസ്സായ ഒരു പെൺകുട്ടിയായിരുന്നു. അച്ഛന്റെ പ്രഭാതപ്രാർത്ഥനക്കു ഒരുക്കേണ്ടുന്ന ജോലി എനിക്കായിരുന്നതിനാൽ കുറെ വൈകിയിട്ടും ആ പുഴവക്കത്തു നിന്നു പതിവുപോലെ പൂക്കൾ പറിക്കുവാൻ ഞാൻതന്നെ പോകേണ്ടിവന്നു. സുഗന്ധവും മനോഹാരിതയുമേറിയ വളരെ പുഷ്പങ്ങൾ ഞാൻ പറിച്ചെടുത്തു. നേരം ഏതാണ്ടു ഇരുട്ടിയതിനാൽ ധൃതിയിലായിരുന്നു ആ വയൽ വരമ്പത്തുകൂടി ഞാൻ ഗൃഹത്തിലേക്കു മടങ്ങിയത്. ഉദ്ദേശം ആ വയൽ കഴിയാറായപ്പോഴേക്കും എന്റെ പിന്നിൽ ആരൊ ചുമക്കുന്ന ശബ്ദം കേട്ടു ഞാൻ തിരിഞ്ഞുനോക്കി."

"ഇന്നെന്താണ് ഇത്ര വൈകിയത്?" എനിക്കഭിമുഖമായി നിന്നിരുന്ന ആ യുവാവു എന്നോടു ചോദിച്ചു. ലജ്ജയും കോപവും ഒരേ സമയം എനിക്കു അന്നു സ്വയം അനുഭവപ്പെട്ടു. "വൈകിയിട്ടില്ല. എന്തിനാണ് നിങ്ങൾ ഇതെല്ലാം അറിയുന്നത്?"

"എനിക്കൊന്നുമുണ്ടായിട്ടല്ല പക്ഷെ."—അയാൾ സങ്കോചപൂർവ്വം നിറുത്തി. "പക്ഷെ, ഇവിടെ വല്ല പിശാചുക്കളുമുണ്ടൊ, നിങ്ങൾ—ഇല്ല" അദ്ദേഹം പറയുകയാണ്, "പിശാചുക്കളൊന്നുമില്ല. എന്നാൽ നീ എന്താണ് പത്മെ എന്നെ ഇങ്ങിനെ അധിക്ഷേപിക്കുന്നത്? പെൺകുട്ടികളുടെ കോപത്തിന്നു ഒരു അതിരൊക്കെ വേണ്ടെ?" അദ്ദേഹം ചിരിച്ചു. ആ ചിരിയും 'പത്മെ' എന്ന മധുരസ്വരത്തിലുള്ള സംബോധനയും എന്നെ അല്പസമയം വിണ്ണിലേക്കു ഉയർത്തിയതായി എനിക്കു തോന്നി. അദ്ദേഹം എനിക്കു പരിചിതനായിരുന്നു. എന്നേക്കാൾ അഞ്ചാറു വയസ്സു കൂടുതൽ പ്രായമുണ്ടായിരുന്ന ആ യുവാവു ഒരു കൊച്ചുകുട്ടിയേക്കാൾ നിഷ്കളങ്കഹൃദയനാണെന്നു എനിക്കു ബോദ്ധ്യപ്പെട്ടു. ഞാൻ ഒന്നും പറയുന്നില്ല, വീട്ടിൽ അച്ഛൻ അന്വേഷിക്കും എന്നു പറഞ്ഞു ഞാൻ നടന്നുതുടങ്ങി. ഉടനെ എന്റെ കൈ കടന്നു പിടിച്ചുകൊണ്ടു അദ്ദേഹം ചോദിച്ചു, "ഇങ്ങിനെയൊക്കെ പരിഭവിച്ചാലൊ. നീ എന്താണ് ഇത്ര വേഗം ആളുകളെ വിസ്മരിക്കുന്നത്? പത്മെ, നീ എന്നോടു സംസാരിക്കുകയില്ലെ?" ഞാൻ യഥാർത്ഥത്തിൽ ശബ്ദിക്കുവാൻപോലും അശക്തയായിരുന്നു. അപ്രതിരോദ്ധ്യമായ ഒരു വികാരം അപ്പോൾ എന്നിൽ തിങ്ങിവിങ്ങി. ഞാൻ അധോമുഖിയായി നിന്നു. അദ്ദേഹം എന്നെ സ്നേഹിക്കുന്നുവെന്നും മര്യാദപൂർവ്വം അദ്ദേഹത്തോടു പെരുമാറേണ്ടതു് എന്റെ കർത്തവ്യമാണെന്നും ഞാൻ വിചാരിച്ചു. സാവധാനം തന്റെ ബലിഷ്ഠകരങ്ങൾകൊണ്ടു എന്നെ അദ്ദേഹത്തോടു അടുപ്പിക്കുന്നുവെന്നു എനിക്കു മനസ്സിലായി. അതാ, കുനിച്ചിരുന്ന എന്റെ മുഖം അദ്ദേഹം പിടിച്ചുയർത്തി. ഞങ്ങളുടെ അധരങ്ങൾ പരസ്പരം സ്പർശിച്ചു. ആ നിമിഷം. . .

"പൂ പറിക്കുവാൻ ഞാൻ ദിവസവും പോകാറുണ്ട്. അനുദിനം ഏന്തെങ്കിലും കാരണവശാൽ നേരം വൈകിയാണ് ഞാൻ പോകയും വരികയും ചെയ്യാറ്. ഞാൻ അദ്ദേഹത്തിന്റെ ഒരു കളിപ്പാവയാണെന്നുപോലും എനിക്കു ചിലപ്പോൾ തോന്നാറുണ്ട്. അനന്യസാധാരണമായ ഒരു വശീകരണശക്തി അദ്ദേഹത്തിൽ അന്തർലീനമായിരുന്നു. ഹാ! അതെത്രയും സുഖസന്തോഷസമ്മേളിതങ്ങളായ ദിവസങ്ങൾ തന്നെയായിരുന്നു.

"മദ്ധ്യവേനൽ ഒഴിവുകാലശേഷം ആഫീസുകൾ വീണ്ടും തുറന്നു. ബാഷ്പപൂർണ്ണങ്ങളായ നയനങ്ങളോടെ അദ്ദേഹം എന്നോടു യാത്ര പറഞ്ഞു, 'പത്മെ, നമ്മുടെ സ്നേഹം വിജയപര്യവസായിയാകാൻ ഈശ്വരൻ സഹായിക്കട്ടെ"

"മാസങ്ങൾ പലതുകഴിഞ്ഞു. വാഗ്ദത്തം വിശ്വസിച്ച എനിക്കു അദ്ദേഹത്തിൽനിന്നു ഒരെഴുത്തുപോലും ലഭിച്ചില്ല. അദ്ദേഹത്തിന്റെ വീട്ടുകാരിൽ നിന്നെങ്കിലും വിവരങ്ങൾ അറിയുവാൻ വേണ്ടി ഞാൻ അച്ഛനറിയാതെ ചിലരെ നിയോഗിച്ചു. അപ്പോഴാണ് തന്റെ ആഫീസ് ജോലി രാജിവെച്ചശേഷം അദ്ദേഹം നാടുവിട്ടുപോയിരിക്കുന്നുവെന്നും, തദനന്തരം ഒരെഴുത്തെങ്കിലും അവർക്കു അയച്ചിട്ടില്ലെന്നുമുള്ള വിവരം എനിക്കു ഗ്രഹിക്കുവാനിടയായതു്. എന്റെ വ്യസനവും നിരാശയും ആരേയും അറിയിക്കാതെ ഞാൻ കഴിച്ചുകൂട്ടി. അക്കാലത്തു ഞാൻ അദ്ദേഹത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ട് എത്ര ദിവസങ്ങൾ ഉറങ്ങാതിരുന്നിട്ടുണ്ടെന്നൊ! . . . . .

"മൂന്നു സുദീർഘ സംവത്സരങ്ങൾ പിന്നേയും കഴിഞ്ഞു. എനിക്കു പല വിവാഹാലോചനകളും വരികയുണ്ടായി. എന്നാൽ എന്റെ ഹൃദയം ഞാൻ ഒരാൾക്കു അർപ്പിച്ചിരുന്നതിനാൽ എന്റെ പിതാവിന്റെ ഏതദ്വിഷയത്തിലുള്ള ശാസനങ്ങൾ കൂടി വിഫലമാകയാണ് ചെയ്തതു്. അച്ഛൻ എന്റെ ദുശ്ശാഠ്യംകണ്ടു കോപിച്ചു, വ്യസനിച്ചു, അവസാനം തീപ്പൊരി ചിതറുന്ന കണ്ണുകളോടെ അദ്ദേഹം എന്നെ ശപിച്ചു. പ്രായമായ പെൺകുട്ടികൾ വിവാഹിതകളായി കാണുന്നതു രക്ഷകർത്താക്കൾ വ്യസനിക്കുക സാധാരണമാണല്ലൊ.

"എങ്കിലും എന്റെ സ്ഥൈര്യം പിതാവിന്റെ ഈ സ്വഭാവാന്തരങ്ങൾക്കു വഴിമാറിക്കൊടുത്തില്ല. ഒടുവിലാണ് അച്ഛന്റെ വാക്കും അഭീഷ്ടവും നിറവേറുവാൻ വേണ്ടി മനോവ്യഥ നിമിത്തം മരിക്കാറായ അദ്ദേഹത്തെ രക്ഷിക്കുവാനുറച്ചുകൊണ്ട് എന്റെ അനുജത്തി നിന്റെ പിതാവിനെ വിവാഹം ചെയ്തതു്. എന്റെ വിസമ്മതം നിമിത്തം എന്നെ വിവാഹം ചെയ്യാതിരുന്ന നിന്റെ അച്ഛൻ, ഞാൻ ബഹുമാനിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിലുമുപരിയായി ഞാൻ സ്നേഹാദരങ്ങളോടെ വീക്ഷിച്ചിരുന്നതു അന്നു മറ്റൊരാളെ ആയിരുന്നതിനാലാണ് ഞാൻ ആ വിവാഹത്തിന്നു വിസമ്മതം പറഞ്ഞതു്. ഒരു പെൺകുട്ടി പുരുഷന്റെ ഗുണദോഷനിരൂപണം ചെയ്യുന്നതിന്നു അധികസമയമൊന്നും വിനിയോഗിക്കാറില്ലല്ലൊ.

"തായംകുളത്തെ തൈപ്പൂയം സുപ്രസിദ്ധമാണ്. അന്നു ഞങ്ങൾ എല്ലാവരും പൂയം കാണുവാൻ പോയിരുന്നു. എന്റെ നയനങ്ങൾ ആ ജനക്കൂട്ടത്തിന്നിടയിൽ അദ്ദേഹത്തെ ആരാഞ്ഞുകൊണ്ടിരുന്നു. അതിനിടയിൽ പെട്ടെന്ന് എനിക്കു ആ മുഖം കാണുവാൻ സാധിച്ചു. എന്റെ ആഗ്രഹം! ഞാൻ നിന്റെ അമ്മയുടെ കൈവിട്ടു അദ്ദേഹത്തിന്റെ സമീപത്തേക്കു ഓടുവാൻ തുനിഞ്ഞു. അപ്പോഴേക്കും അദ്ദേഹം ഒരു സ്ത്രീയുമായി സ്വൈരസംഭാഷണം ചെയ്യുന്നതും അവൾ അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ടു ആൾത്തിരക്കിലേക്കു നീങ്ങുന്നതും ഞാൻ കണ്ടു! 'അയ്യോ!' എന്നു ഞാൻ സ്വയം അറിയാതെ നിലവിളിച്ചു. പക്ഷെ എന്റെ കാലിന്മേൽ ഒരു കല്ലു തറച്ചതുകൊണ്ടാണ് ഞാൻ നിലവിളിച്ചതെന്ന് പരിശുദ്ധമനസ്സയായ നിന്റെ മാതാവിനോടും എനിക്കു പിന്നീടു വ്യാജ്യം പ്രസ്താവിക്കേണ്ടിവന്നു.

"അവർ വിവാഹിതരായിട്ടു മൂന്നു നാലു മാസമായെന്ന വൃത്താന്തം എനിക്കു വേഗം അറിയുവാൻ കഴിഞ്ഞു. എന്റെ ആശാസൌധം തകർന്നു വീണു. ഞാൻ വീണ്ടും കല്ലും മുള്ളും നിറഞ്ഞ ഈ ലോകത്തിലേക്കു തിരിച്ചെത്തി. 'വഞ്ചകൻ!' മുത്തശ്ശി നെടുവീർപ്പിട്ടു.

"യൌവ്വനയുക്തയായ ഞാൻ അവിവാഹിതയായി വീട്ടിൽ താമസിച്ചിരുന്നതിനാൽ സമുദായം അച്ഛനെ ദിവാനിശം അധിക്ഷേപിച്ചു തുടങ്ങി. ലജ്ജയും വ്യസനവും കൊണ്ടു അദ്ദേഹം രോഗഗ്രസ്തനായി.

"എന്റെ നിർഭാഗ്യവാനായ പിതാവിന്റെ മരണശേഷം ഞാൻ വീടു വിട്ടു പുറത്തിറങ്ങി. 'അച്ഛനെക്കൊന്ന പാതകി' എന്നു നിന്റെ അമ്മ പലപ്പോഴും എന്നെ ശകാരിച്ചിരുന്നു. നിന്റെ അമ്മയുടെ മുഖം ഇനി കാണുകയില്ലെന്നു സത്യം ചെയ്തുകൊണ്ടാണ് ഞാൻ പട്ടണത്തിലേക്കു പ്രവേശിച്ചതു്. എങ്ങോട്ടും എന്തു ചെയ്യാനാണു ഏകാകിനിയായ്! ഞാൻ പോകുന്നതെന്നു എനിക്കു തന്നെ നിശ്ചയമില്ലായിരുന്നു. അദ്ദേഹത്തിന്റെ വിരഹശേഷം ഞാൻ അന്നാണു ആദ്യമായി അതിരററു വ്യസനിച്ചതു്.

"ഇൻസ്പെക്ടർ രഘുവിന്റെ മാതാവിനെ ഞാൻ കണ്ടതു ഏതാണ്ടു സന്ധ്യാസമയത്താണ്. അവരോടു ഞാൻ എന്റെ മിക്ക വൃത്താന്തങ്ങളും പറഞ്ഞു. അവർ പറഞ്ഞു, 'കുട്ടി, നിനക്കു ഒരു പരിചാരികയുടെ ജോലി ചെയ്യുവാൻ ഇഷ്ടമുണ്ടെങ്കിൽ എന്റെ കൂടെ വരിക. മാസത്തിൽ മൂന്നു രൂപയിൽ കൂടുതൽ ശമ്പളം തരുവാൻ എനിക്കു സാദ്ധ്യമല്ല.'

"ഒരു പൈപോലും വേതനം ലഭിച്ചില്ലെങ്കിലും എനിക്കു ഭക്ഷണം തരുവാൻ സന്നദ്ധതയുള്ള

ആരുടെയെങ്കിലും കൂടെ മാനമായി ജീവിക്കുവാൻ ഞാൻ സന്നദ്ധയായിരുന്നു.

"അത്രയും സ്വഭാവ വൈശിഷ്ട്യമുള്ള ഒരു സ്ത്രീയെ ഞാൻ വേറെ കണ്ടിട്ടില്ല. ഒരു പരിചാരികയെ സ്വന്തം പുത്രിയെപ്പോലെ പരിഗണിച്ചു പെരുമാറുവാനുള്ള മനോവിശാലത അവൎക്കുണ്ടായിരുന്നുവെന്നു നാലഞ്ചു മാസത്തെ അവിടത്തെ ജീവിതം എന്നെ ബോദ്ധ്യപ്പെടുത്തി.

"സുന്ദരനും വിദ്യാസമ്പന്നനുമായിരുന്ന രഘുവിനെ ഞാൻ അത്യധികം ബഹുമാനിച്ചിരുന്നു. സാധാരണയായി അദ്ദേഹം എന്നോടു സംസാരിക്കാറില്ല. എങ്കിലും കൗതുകമുള്ള എന്തെങ്കിലും സാധനം ലഭിക്കുന്നപക്ഷം ഉടനെത്തന്നെ അദ്ദേഹം അതു എന്നെ കാണിക്കുക പതിവായിരുന്നു. ഒരിക്കൽ രാധാകൃഷ്ണന്മാരുടെ പ്രതിമ കാണിച്ചുകൊണ്ടു അദ്ദേഹം എന്നോടു പറഞ്ഞു: 'നോക്കു ഇതെത്ര ഭംഗിയായിരിക്കുന്നു പത്മെ. ഈ രാധയേക്കാൾ സൌന്ദര്യമേറിയതാണല്ലോ നിന്റെ മുഖം!' ലജ്ജകൊണ്ടു ഞാൻ മുഖം താഴ്ത്തി. സുസ്മേരവദനനായി രഘു അവിടെ നിന്നുപോയി.

"എന്റെ ഭൂതകാലം എനിക്കൊരു സ്വപ്നം പോലെ തോന്നി. ഞാൻ സ്വതന്ത്ര്യയാണെന്നും ജീവിതത്തിന്റെ മധുരിമയിലേക്കു പ്രവേശിച്ചിട്ടേയുള്ളുവെന്നും സ്വയം അഭിമാനിച്ചു. സ്ത്രീകൾക്കു സന്തപിക്കുവാനും സന്തോഷിക്കുവാനും അധികമൊന്നും ആവശ്യമില്ലല്ലോ.

"പതിവുപോലെ ജോലിയെല്ലാം കഴിഞ്ഞു ഞാൻ എന്റെ മുറിയിൽ പോയി വാതിൽ ചാരിയ ശേഷം കിടന്നു. സമയം ഏതാണ്ടു പാതിരാവായപ്പോൾ ഒരു നേരിയ ശബ്ദം കേട്ടു. ഞാൻ കണ്ണുമിഴിച്ചു. അപ്രതീക്ഷിതമായി ഒരു പുരുഷൻ എന്റെ മുന്നിൽ നില്ക്കുന്നതുകണ്ടു ഞാൻ നിലവിളിക്കുവാൻ ഭാവിച്ചു. അപ്പോഴേക്കും എന്റെ വായ് പൊത്തിക്കൊണ്ടു അദ്ദേഹം പതുക്കെ പറഞ്ഞു: 'പത്മേ, നീ ശബ്ദിക്കരുതു, ഇതു ഞാനാണ്, രഘു, നീ ഇപ്പോൾ എന്റെ കൂടെ പുറത്തേക്കു വരണം, ശബ്ദിച്ചാൽ അടുത്ത മുറിയിൽ കിടന്നുറങ്ങുന്ന അമ്മ എഴുന്നേൽക്കും—!' അദ്ദേഹത്തിന്റെ കൈ വിറക്കുന്നുണ്ടായിരുന്നു. പക്ഷെ ആത്മാൎത്ഥത നിറഞ്ഞതായിരുന്നു ആ സ്വരം.

"പൂൎണ്ണചന്ദ്രികയുള്ള രാത്രി. ആ ആരാമത്തിന്റെ ഒരു കോണിൽ ഞങ്ങൾ അഭിമുഖമായിരുന്നു. അദ്ദേഹമാണ് ഭീകരമായ ആ നിശ്ശബ്ദത ആദ്യം ഭഞ്ജിച്ചതു്. 'പത്മെ അധികമൊന്നും സംസാരിക്കുവാൻ എനിക്കു സമയമില്ല. നീ അവിവാഹിതയാണെന്നു എനിക്കറിയാം. എന്നെ വിവാഹം ചെയ്വാൻ നിനക്കു സമ്മതമാണോ?'

"പ്രതീക്ഷിക്കാതിരുന്ന ഈ ചോദ്യം എന്നെ ആദ്യം അമ്പരപ്പിക്കാതിരുന്നില്ല. കുറെ സമയത്തെ നിശ്ശബ്ദതക്കുശേഷം ഞാൻ പറഞ്ഞു, 'ഞാൻ ഒരു പരിചാരികയാണ്; അവിടുന്നു എന്റെ യജമാനനുമാണ്. അതിനാൽ—' എനിക്കു ആ വാചകം പൂൎത്തിയാക്കുവാൻ കഴിഞ്ഞില്ല. അതിന്നു മുമ്പു അദ്ദേഹം എന്നെ മാറോടണച്ചു ചുംബിക്കുകയായിരുന്നു. എങ്ങുനിന്നോ വന്ന ഒരു കുളിർ കാററു ഒരു മൎമ്മരശബ്ദമുണ്ടാക്കി. ഞങ്ങളുടെ അധരങ്ങൾ എത്ര സമയം അങ്ങനെ സമ്മേളിച്ചുവെന്നു് എനിക്കു പറയുവാൻ വയ്യ . . . .

"ഒരു ഹൃദയമുള്ള മനുഷ്യനായിരുന്നു രഘുവെന്നു് അദ്ദേഹത്തിന്റെ പ്രവൃത്തികൾ ക്ഷണം വെളിപ്പെടുത്തി. പിറേറ ദിവസം ഉച്ചക്കു ഉണ്ണുവാനിരിക്കുമ്പോൾ അദ്ദേഹം പറയുകയാണ്, 'അമ്മേ, ഇന്നു മുതൽ പത്മ നമ്മുടെ ദാസിയല്ല. അവളെ ഞാൻ വിവാഹം ചെയ്വാൻ പോവുകയാണ്. ദയവായി അമ്മ തടസ്ഥം പറയരുതു്. അമ്മയുടെ അനുഗ്രഹമാണ് എനിക്കു ആവശ്യം.' രഘുവിനോടു മറുപടി പറയുന്നതിനു മുമ്പു ആ സാധ്വി എന്റെ നെററിയിൽ പലവുരു ചുംബിച്ചു; 'പത്മെ, നിനക്കു മംഗളം വരട്ടെ, രഘു ഇവൾ നിനക്കു യോജിച്ച ഒരു പെൺകുട്ടിയാണ്' ഈശ്വര സന്നിധിയിൽപ്പോലും ഒരു മാതൃഹൃദയത്തിനുള്ളത്ര പരിശുദ്ധത നിങ്ങൾക്കു കാണ്മാൻ പ്രയാസമാണ്.

"കഴിഞ്ഞ കഷ്ടപ്പാടുകളെല്ലാം ആനന്ദപൂൎണ്ണമായ എന്റെ ഭാവിയുടെ നാന്ദിയായിരുന്നുവെന്നും കുറെ ജീവിതവ്യഥയനുഭവിച്ചവരെ ഈശ്വരൻ സഹായിക്കാതിരിക്കയില്ലെന്നുമുള്ള എന്റെ വിശ്വാസം പൂൎവ്വാധികം ബലപ്പെട്ടു. ഞങ്ങളുടെ വിവാഹദിവസം തിട്ടപ്പെടുത്തി. ഇൻസ്പെക്ടർ രഘു മനുഷ്യനു അവശ്യം ആവശ്യമായ എല്ലാ ഗുണങ്ങളുടെയും ഒരു മൂൎത്തീകരണമായിരുന്നു.

"ഞങ്ങളുടെ വിവാഹത്തിന്നു തലേന്നാൾ രാത്രി അദ്ദേഹം എന്നോടു പറഞ്ഞു, 'പത്മെ ഇന്നു നീ എന്റെ സമീപത്തു നിന്നുപോകുവാൻ പാടില്ല. എനിക്കു സഹിക്കുവയ്യാത്ത ഒരു വേദന എന്റെ നെഞ്ചിൽ തോന്നുന്നു. അയ്യോ! പത്മെ, നീ പതുക്കെ ആ വിശറി എടുത്തു ഒന്നു വീശൂ.'

"ഞാൻ വൎണ്ണിക്കുന്നില്ല. അദ്ദേഹത്തിന്റെ വേദന ക്രമാതീതമായി വൎദ്ധിച്ചു. അദ്ദേഹത്തിന്റെ നിലവിളിയും എന്റെ പരിഭ്രമവും അമ്മയെ എഴുന്നേല്പിച്ചു. സമീപവാസികൾ ചിലരെല്ലാം ഓടിയെത്തി. ഡാക്ടരുടെ മരുന്നുകൾ വിഫലമായി. പിറേറന്നാൾ പ്രഭാതത്തിനു മുമ്പു എന്റെ ഹൃദയനാഥൻ ദിവംഗതനായി. 'മരുന്നില്ലാത്ത ഹൃദ്രോഗം!—' മുത്തശ്ശി കുറെ നേരം അധോമുഖിയായിരുന്നു. അവർ തുടൎന്നു.

"സരോ, നീ തെററിദ്ധരിക്കേണ്ട കാലത്തിനു രൂപഭേദം വരുത്തുവാൻ അസാദ്ധ്യമായ ഒരു വികാരവും ഈ മനുഷ്യജീവിതത്തിലില്ല. രഘുവിന്റെ മരണം എന്നെ അവിടം വെറുപ്പിച്ചു. താമസംവിനാ അഗതിയായ ഞാൻ അലക്ഷ്യമായി വീണ്ടും ഗ്രാമത്തിലേക്കു മടങ്ങി.

"എങ്കിലും നിന്റെ അമ്മയുടെ മുഖത്തു വീണ്ടും നോക്കുകയില്ലെന്ന എന്റെ പ്രതിജ്ഞ ലംഘിക്കുവാൻ ഞാൻ സന്നദ്ധയായിരുന്നില്ല. ഇവിടെനിന്നു ഉദ്ദേശം പത്തുനാഴിക അകലെയായി ഒരു മദ്ധ്യവയസ്കയായ അച്ചക്കാരിയും അവരുടെ മൂന്നു വയസ്സായ ഒരു കുട്ടിയും താമസിച്ചിരുന്നു. ദുരന്തപൎയ്യവസായിയായ എന്റെ ജീവിതകഥ കേട്ടു അവൎക്കു എന്നിൽ അനുകമ്പ തോന്നുകയും എനിക്കു അവർ അഭയം നൽകുകയും ചെയ്തു.

"എന്റെ പക്കലുണ്ടായിരുന്ന പണംകൊണ്ടു ഞാൻ അവിടെ ഒരു പഴക്കച്ചവടം തുടങ്ങി. ഒരാളുടെ സ്വതന്ത്രമായ ജീവനത്തിന്നു വ്യവസായത്തേക്കാൾ സഹായകരമായി മറെറന്താണുള്ളതു്? എന്റെ സൌന്ദര്യമോ, ഞാൻ വിററിരുന്ന പഴങ്ങളുടെ മേന്മയോ ഏതാണ് എന്റെ കച്ചവടത്തിന്നു മാറേററിയതെന്നു് എനിക്കു തീൎത്തു പറഞ്ഞുകൂടാ. ആ ഗ്രാമത്തിലെ മിക്ക ചെറുപ്പക്കാരും എന്റെ പീടികയിൽ ആവശ്യത്തിനും വെറുതേയും, വന്നുപോവുക പതിവായി. സൌന്ദര്യമുള്ള ഒരു സ്ത്രീ കച്ചവടം തുടങ്ങിയാൽ അതിന്റെ അഭിവൃദ്ധി ക്ഷിപ്രസാദ്ധ്യമാണെന്നു ഞാൻ പറഞ്ഞു കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. എനിക്കതു അനുഭവപ്പെട്ടു. എന്നിൽ കനിവുണ്ടായ ഈശ്വരൻ എന്നെ ഒരു ധനികയാക്കിയിരിക്കുന്നുവെന്നും എന്റെ ശുക്രദശ ആരംഭിച്ചിരിക്കുന്നുവെന്നും ഞാൻ വിശ്വസിച്ചു.

"ഞാൻ ചുരുക്കിപ്പറയാം. കലേശൻ ആ ഗ്രാമത്തിലെ ഒരു കൎഷകയുവാവാണ്. അയാൾ എന്റെ ഒരു അധമൎണ്ണനുമായിരുന്നു. പത്തു സംവത്സരങ്ങൾക്കുമുമ്പ് ഞാൻ ഒരു യുവാവുമായി പരിചയമായതും അതിന്റെ അനന്തരഫലങ്ങളും മററും, പുരുഷലോകത്തെയാകെ സംശയദൃഷ്ട്യാ വീക്ഷിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. എങ്കിലും കലേശന്റെ സ്വഭാവമഹിമയെ ഞാൻ അഭിനന്ദിക്കുവാൻ തുടങ്ങി. ക്രമേണ അതു സ്നേഹമായി രൂപാന്തരപ്പെട്ടു. എന്റെ ഏകാന്തമായ ജീവിതം എനിക്കു അതിന്നെല്ലാം പ്രചോദനം നല്കി. ഞങ്ങളുടെ സ്വൈരസംഭാഷണം ഹൃദയസ്പൃശ്യമാകുമ്പോഴേക്കും പീടികയിലെ കണക്കുകളും മററും പറഞ്ഞു ഞാൻ അവിടെനിന്നു പിന്മാറും. ഞങ്ങൾ പരസ്പരം സ്പൎശിച്ചിട്ടില്ല. എങ്കിലും കലേശനോടുകൂടിയുള്ള എന്റെ ഭാവി മംഗളകരമായിത്തീരുമെന്നു് ഞാൻ ആശിച്ചു.

"മകളെ, നീ വ്യസനിക്കേണ്ടെന്നു ഞാൻ പറയുവാൻ പല കാരണങ്ങളുമുണ്ടു്. സൌന്ദര്യവും സൽപ്രകൃതിയും അസ്തമിച്ചിട്ടില്ലാത്ത നിനക്കു ലോകത്തിൽ ആശക്കു ധാരാളം വഴിയുണ്ടു്. ഇവയുണ്ടെങ്കിൽ മാത്രമെ ഒരു പുരുഷൻ യഥാൎത്ഥത്തിൽ നിന്നെ സ്നേഹിക്കുകയുള്ളു. ഇവയുടെ അഭാവത്തിൽ ഒരു പുരുഷനും സ്ത്രീയോടുള്ള നേരെമറിച്ചും പ്രേമം നിലനില്ക്കുന്നതു ചില ആഖ്യായികകളിലും മാതൃകാപ്രണയ കഥകളിലും മാത്രമാണ്. പ്രായോഗിക ജീവിതത്തിലല്ല, ശരി, ഞാൻ എന്റെ കഥ മുഴമിക്കാം.

"കലേശനും ഞാനുമായുള്ള പരിചയം പരസ്പരസ്നേഹത്തിലവസാനിച്ചുവെന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ ഒരു ദിവസം അയാൾ പറഞ്ഞു, 'നാം തമ്മിൽ വിവാഹിതരാകണമെന്നതു ദൈവേച്ഛയാണ്. അല്ലെങ്കിൽ എങ്ങിനെയാണു പത്മെ, അസാംഗത്യവും അഭൂതപൂൎവ്വവുമായി കണ്ടെത്തിയനിന്നോടു എനിക്കു ഇത്രയും സ്നേഹമുണ്ടാകുവാൻ കഴിയുന്നതു്?' അതു വാസ്തവമാണെന്നു ഞാൻ കരുതാതിരുന്നില്ല.

"അങ്ങനെയിരിക്കയാണു കുപ്രസിദ്ധമായ മസൂരി രോഗം നാടെങ്ങും പടൎന്നു പിടിച്ചതു്. ഏതാണ്ടു രണ്ടു മാസം ഞാനും ആ നരകയാതനയനുഭവിച്ചു. ആ ഭയങ്കരരോഗം എന്റെ ഒരു ചെവിയും കണ്ണും വികലപ്പെടുത്തിയിട്ടേ എന്നെ വിട്ടുമാറിയുള്ളു. അതാ, എന്റെ മുഖത്തു കാണുന്ന ഈ വൃത്തികെട്ട കലകളെല്ലാം അതിന്റെ അവശിഷ്ടങ്ങളാണ്.

"മനുഷ്യന് ഏററവും അറപ്പു തോന്നിപ്പിക്കുന്ന ഒരു ജീവിയായാണ് രോഗവിമുക്തയായ ഞാൻ രൂപാന്തരപ്പെട്ടതു്. അതെല്ലാം സഹിക്കാം. എന്റെ ഭഗീരഥപ്രയത്നഫലമായി ഞാൻ സമ്പാദിച്ചുവെച്ചിരുന്ന ധനമെല്ലാം കളവുപോയി എന്നറിഞ്ഞപ്പോഴുണ്ടായ എന്റെ വ്യസനം എങ്ങനെയാണ് ഞാൻ നിന്നെ പറഞ്ഞറിയിക്കേണ്ടതു്? എന്റെ കച്ചവടമെല്ലാം നശിച്ചു, ഞാൻ അനാഥയും വിരൂപയുമായി; മൂഷിക സ്ത്രീ ഒരു വൃത്തികെട്ട മൂഷിക സ്ത്രീയായി വീണ്ടും മാറി.

"കലേശൻ രൂപവതിയായ ഒരു ഗ്രാമീണകന്യകയെ വിവാഹം ചെയ്തതിൽ ഞാൻ വ്യസനിച്ചില്ല. പക്ഷെ നിസ്സഹായമായ എന്റെ ഭാവിയെ ഓൎത്തപ്പോൾ ഞാൻ നെട്ടുങ്ങിപ്പോയി.

"നിൎഭാഗ്യമായ ഒരു ഭിക്ഷുകിയുടെ പിന്നിട്ടുള്ള മുപ്പതുവൎഷത്തെ ചരിത്രം നിനക്കു കേൾക്കുവാൻ രസമുണ്ടാവുകയില്ല. സമാധാനമന്വേഷിച്ചുകൊണ്ടു ഞാൻ സന്ദൎശിക്കാത്ത പുണ്യക്ഷേത്രങ്ങൾ ഇല്ലെന്നു പറയാം. എനിക്കു അല്പനിമിഷത്തേക്കുപോലും മനസ്സമാധാനം തരുവാൻ ഈ ക്ഷേത്രങ്ങൾക്കോ അവയിലെ പുരോഹിതന്മാൎക്കോ സാധിച്ചിട്ടില്ല. ദൈവത്തെ പ്രീതിപ്പെടുത്താൻ പുരോഹിതനു കോഴകൊടുത്തു തങ്ങളുടെ പ്രാൎത്ഥനയെല്ലാം കഴിഞ്ഞു അവിടെനിന്നു പരമസന്തുഷ്ടിയോടെ മടങ്ങിപ്പോകുന്ന പണക്കാരുടെ മുഖം എന്നെ പലപ്പോഴും ചിരിപ്പിക്കാറുണ്ടു്. ഒരുപക്ഷെ ക്ഷേത്രസന്നിധിയിൽനിന്നു സന്തുഷ്ടി ലഭിക്കുവാനുള്ള മാഹാഭാഗ്യം എന്നെപ്പോലെയുള്ള അഗതികൾക്കു ഇല്ലായിരിക്കാം.

"ഇതിൽനിന്നെല്ലാം എനിക്കു ചിലതു ഗ്രഹിക്കുവാൻ കഴിഞ്ഞു. സ്വന്തം രക്ഷകൎത്താവിലും വലിയ ഈശ്വരനും സ്വഗൃഹത്തിലും പുണ്യസ്ഥലമായ ക്ഷേത്രവും ലോകത്തിൽ വേറെയൊന്നുമില്ലെന്നും തന്നെ. അച്ഛന്റെ പ്രീതിക്കു വേണ്ടി തനിക്കു ഇഷ്ടപ്പെടാത്ത ഒരാളെ. വിവാ

(ബാക്കി 12-ാം പേജിൽ)

(6-ാം പേജിൽ നിന്നു്)

ഈ ശേഖരത്തിൽ കവിതകൾ, ചെറുകഥകൾ, ഏകാങ്കനാടകങ്ങൾ തുടങ്ങിയ പല പ്രസ്ഥാനങ്ങളും ഉൾപ്പെടുന്നുണ്ട്. 'പുരോഗമനസാഹിത്യ'കാരന്മാരും യുദ്ധം മൂലമുണ്ടായ പരിതസ്ഥിതിയെ വിസ്മരിക്കുന്നില്ല. അല്ലെങ്കിൽ പുരോഗമനസാഹിത്യത്തിന്റെ പരിപാടികളിൽ ഒന്നാണല്ലോ അതാതു കാലത്തെ വിഷമപ്രശ്നങ്ങളെ അഭിമുഖീകരിപ്പാൻ ജനതയെ സജ്ജീകരിക്കൽ. സ്വതന്ത്രകൃതികൾക്കു പുറമെ യുദ്ധത്തിൽ നേരിട്ട് ഏർപ്പെട്ട അന്യരാജ്യക്കാരുടെ സാഹിത്യത്തിൽനിന്നു വിവർത്തനങ്ങളായും കൈരളിക്ക് ഈ വിഷയത്തിൽ ചില നേട്ടങ്ങളുണ്ടാകാതിരുന്നിട്ടില്ല. ഇങ്ങനെ സമരസംബന്ധികളെങ്കിലും ഭിന്നലക്ഷ്യങ്ങളെ കേന്ദ്രീകരിക്കുന്നവയും വ്യവസ്ഥ പ്രസ്ഥാനങ്ങളിലുൾപ്പെടുന്നവയുമായ ഒരു ചെറിയ സാഹിത്യസമുച്ചയത്തെ ഈ യുദ്ധം മലയാളത്തിന്നു സമ്മാനിച്ചിരിക്കുന്നുവെന്നു വേണമെങ്കിൽ സമ്മതിക്കാം. പക്ഷെ ദൌർഭാഗ്യം കൊണ്ടെന്നുതന്നെ പറയട്ടെ, അതിന്നു കേരളത്തിലെ സാമാന്യജനങ്ങളുമായി യാതൊരു ബന്ധവുമില്ല. നിലവിലുള്ള സാഹിത്യസമ്പത്തിനോടു സാമ്യവുമില്ല. ഒരു പഴയ 'പാതിരിസാഹിത്യ'ത്തിന്റെ ഒരു പരിഷ്ക്കരിച്ച പകർപ്പു മാത്രമാണതു്.

IV

കേവലം പ്രചരണപരം മാത്രമായിപ്പോയതുകൊണ്ടു ഭാഷയിലെ സമരസാഹിത്യം വാസ്തവത്തിൽ അങ്ങനെയൊരു പേരിനെത്തന്നെ അർഹിക്കുന്നില്ല. വൈചിത്ര്യക്കുറവും ശുഷ്ക്കതയും അതിന്റെ കൂടപ്പിറപ്പുകളാണ്. ആ ശാഖക്കു് അനുവാചകന്മാരോടോ മറെറാരു പരിതസ്ഥിതിയിൽ അതിന്റെ നിർമ്മാതാക്കളോടുപോലുമോ യാതൊരു പൊരുത്തവുമില്ല.

ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം.

എന്നു പറഞ്ഞ ആ ശുദ്ധാത്മാവിന്റെ നിസ്സംഗതയാണ് മിക്ക കൃതികളിലും മുഴച്ചുകാണുന്നതു്.

ഭാരതം പരതന്ത്രമാകിലും ധർമ്മത്തിന്റെ
ധീരകാഹളം കേൾക്കെസ്സംശയിക്കില്ലാ ചിത്തേ;
തന്നെയും മറന്നർദ്ധനഗ്നമാകിലും പാഞ്ഞു
ചെന്നെതിരിടും നൂനം ദുഷ്ടമാമധർമ്മത്തെ.

എന്നു് ഒരു അനുഗൃഹീതകവി ഒരിക്കൽ പാടുകയുണ്ടായി. ദുഷ്ടമായ അധർമ്മത്തിന്റെ നേരെ വീറോടുകൂടി പാഞ്ഞെതിർക്കലാണ് നമുക്കു നാളിതുവരെ പരിചയപ്പെട്ടിട്ടുള്ള സമരം. അങ്ങനെയുള്ള സമരത്തിന്റെ ആദർശപരവും ആവേശജനകവുമായ ചിത്രീകരണമത്രേ ഭാഷയിലെ പുരാതനസമരസാഹിത്യം. പഴഞ്ചനാണെങ്കിലും അതു് ഇന്നും വായനക്കാരെ കോൾമയിർക്കൊള്ളിക്കുന്നു. അനീതിയുടേയും അക്രമത്തിന്റെയും നേരെ അറപ്പും വെറുപ്പും ജനിപ്പിക്കുന്നു. അങ്ങനെയുള്ള ഒരു പാരമ്പര്യത്തിന്റെ പിന്നിൽ തൂക്കിയിട്ട ഇന്നത്തെ സമരസാഹിത്യം അനുവാചകന്മാരിൽ അവജ്ഞയെക്കാളേറെ അനുതാപത്തെയാണ് അങ്കുരിപ്പിക്കുന്നതെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല.

ഭാഷയിലെ സമരസാഹിത്യത്തെ ഒന്നവഗ്രഹിച്ചു പരിശോധിക്കുന്നതു രസകരമായിരിക്കും. ശുഷ്ക്കങ്ങളായ രാഷ്ട്രീയാഭിപ്രായങ്ങൾ കലയുടെ ആടയാഭരണങ്ങളണിഞ്ഞു സാഹിത്യരംഗത്തിൽ എങ്ങനെ ചൊല്ലിയാടുന്നുവെന്നു് അപ്പോൾ നമുക്കനുഭവപ്പെടും. പ്രായേണ മൂന്നു മൂല ഘടകങ്ങളാണ് ഇതിൽ മുഴച്ചു കാണുന്നതു്. ആദ്യത്തേതു റഷ്യാസ്തുതി. രണ്ടാമത്തേതു ജാപ്പവഹേളനം. കുറേക്കൂടി വിശാലമായ അർത്ഥത്തിൽ പറകയാണെങ്കിൽ ഫാസിസ്റ്റവഹേളനം. യുദ്ധത്തിന്നു ജനകീയാനുകൂല്യം നേടുക എന്നതാണ് പ്രസ്തുത സാഹിത്യം മുറുകെപ്പിടിച്ചിരിക്കുന്ന മൂന്നാമത്തെ പ്രമേയം. ഒരു പുതിയ സാമുദായികവ്യവസ്ഥയും സാമ്പത്തികഘടനയുമുള്ള റഷ്യ, അവയുടെ പിൻബലത്തോടുകൂടി നാസിസത്തോടെതിർത്ത് എങ്ങനെ വിജയം നേടി എന്നു വിവരിക്കുകയാണ് ഒന്നാമത്തെ ഘടകത്തിന്റെ ലക്ഷ്യം. റഷ്യയുടെ വിജയം ലോകചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. അതിന്റെ ത്യാഗങ്ങളും നേട്ടങ്ങളും നമ്മുടെ മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നുമുണ്ടു്. അങ്ങനെയെല്ലാമാണെങ്കിലും സമരസാഹിത്യത്തിന്റെ മറവിൽനിന്നുകൊണ്ടു കേരളത്തിലെ സാമാന്യജനങ്ങളെ ആ സാമുദായികഘടനയിലേക്കും സാമ്പത്തികവ്യവസ്ഥയിലേക്കും സ്വകാര്യമായി മാടിവിളിപ്പാൻ ചെയ്യുന്ന ശ്രമം ആശാസ്യമായിട്ടുള്ളതല്ല. അതുകൊണ്ടു സാഹിത്യത്തിന്നു പൊതുവെ യാതൊരു ഉല്ക്കർഷവുമുണ്ടാവാനിടയില്ല.

ഫാസിസ്റ്റ് വിരോധപ്രസ്ഥാനക്കാർ ഫാസിസത്തെ വിസ്മരിച്ചു ഫാസിസ്റ്റ്കളെമാത്രം പിടികൂടുന്നു. വാസ്തവത്തിൽ ഫാസിസമാണ് ഫാസിസ്റ്റിനേക്കാൾ ആപല്ക്കരമായിട്ടുള്ളതു്. മനുഷ്യഹൃദയം പരിണാമവിധേയമായതുകൊണ്ടു് ഒരു ഫാസിസ്റ്റ് നാളെ മറെറാരു 'ഇസ്റ്റ്' ആയിക്കൂടാതായ്കയില്ല. എന്നാൽ ഫാസിസം എന്നും ഫാസിസമായിത്തന്നെയിരിക്കും. അതു ലോകപുരോഗതിയെ തടയുകയും ചെയ്യും. ഗുണത്തെ വിട്ട് ആധേയത്തെ വെറുക്കുന്ന ഈ സ്വഭാവം, മനുഷ്യജീവിതത്തെപ്പററി നമുക്കുള്ള മതിപ്പു അനുദിനം ആപല്ക്കരമായവിധം അധഃപതിച്ചുവരികയാണെന്നാണു കാണിക്കുന്നതു്. ഓരോ രാഷ്ട്രങ്ങളും നരവേട്ടക്കു നീക്കിവെച്ച സജ്ജീകരണങ്ങളുടെ എണ്ണവും വണ്ണവും ഈ വസ്തുതയെ വിശദമാക്കുന്നു. യുദ്ധാനന്തരപുനഃസംഘടനയിൽ ഭരണകൂടങ്ങളെക്കുറിച്ചല്ലാതെ ഭരണീയരെപ്പററി ആരും ഒന്നും ശബ്ദിച്ചു കേൾക്കുന്നില്ലെന്നു പ്രസിദ്ധചിന്തകനായ വെത്സ് അടുത്ത കാലത്ത് ആവലാതിപ്പെടുകയുണ്ടായി. ഭരണകൂടങ്ങളെക്കൊണ്ടു ഭരണീയരെ സൃഷ്ടിപ്പാനുള്ള പരിശ്രമം പ്രതിലോമപരവും പരാജയപര്യവസായിയുമാണ്. ഭരണീയർ ഭരണകൂടങ്ങളെ സൃഷ്ടിക്കുന്നതാണു സ്വാഭാവികവും വിജയകരവുമായിട്ടുള്ളതു്. അങ്ങനെയുള്ള ഒരു ഭരണഘടനയുടെ കീഴിൽ മാത്രമെ മനുഷ്യത്വത്തിന്നു് അതർഹിക്കുന്ന നിലയും വിലയുമുണ്ടാകൂ. സർവ്വാധിപതികളുടെ രാഷ്ട്രങ്ങളിൽ ഇടക്കിടെയുണ്ടാകാറുള്ള 'ശുദ്ധീകരണം' ആദ്യത്തേതിന്റെ അർത്ഥശൂന്യതയെയാണു കാണിക്കുന്നതു്.

ചുരുക്കത്തിൽ കാര്യം ഇതാണ്: ഒരു സാഹിത്യം അതു് ഏതു ശാഖയിൽപ്പെട്ടതായാലും വേണ്ടില്ല, ആദർശശുദ്ധവും സംസ്കാരസമ്പന്നവുമാകണമെങ്കിൽ മനുഷ്യത്വത്തെ മാനിക്കുന്നതും ദുർഗ്ഗുണങ്ങളെ നേരെമാത്രം വെറുപ്പു ജനിപ്പിക്കുന്നതുമായിരിക്കണം. തിന്മക്കു പ്രതിനിധിഭവിക്കുന്ന വ്യക്തിയല്ല തിന്മതന്നെയാണ് മനുഷ്യന്റെ ശരിയായ ശത്രു. ദണ്ഡനീതിശാസ്ത്രം ധർമ്മാധർമ്മങ്ങളുടെ അന്ധകാരമയമായ അന്തരീക്ഷത്തിൽ ഈ ഉജ്ജ്വലതത്വത്തെ വിവേചനാപൂർവ്വം കണ്ടറിഞ്ഞിട്ടുണ്ടു്. റിട്രിബ്യൂട്ടീവ് തിയറിയുടേയും ഡിറററൻറ് തിയറിയുടേയും കാലം എന്നോ കഴിഞ്ഞുപോയിരിക്കുന്നു. ആധുനിക ദണ്ഡനീതിശാസ്ത്രം, തികച്ചും പ്രായോഗികമല്ലെങ്കിൽക്കൂടി, റിഫർമേഷൻ സിദ്ധാന്തത്തിലാണ് ആശയും ആശംസയും അർപ്പിച്ചിരിക്കുന്നതു്. മനുഷ്യനെ നന്നാക്കുക, കുറെയൊക്കെ ചീത്തത്തങ്ങളുണ്ടെങ്കിൽക്കൂടി അവനെ നശിപ്പിക്കാതിരിക്കുക. ഇതാണു പുരോഗമനപരമായ ആധുനികമനശ്ശാസ്ത്രവും വിചാരശാസ്ത്രവും വിളിച്ചുപറയുന്നതു്.

(തുടരും.)

(മാതൃഭൂമി ആഴ്ചപ്പതിപ്പ്)

ചിരിയും ചിന്തയും

ഒന്നാം വഴിപോക്കൻ: ഇദ്ദേഹം കണ്ണട കയ്യിലെടുത്തിട്ട് കൂടെക്കൂടെ എന്താണു വഴിയിലേക്കു സൂക്ഷിച്ചുനോക്കുന്നതു്?

രണ്ടാം വഴിപോക്കൻ: വഴിതെററിപ്പോയോ എന്നുള്ള സംശയം കൊണ്ടു നോക്കിപ്പോകുന്നതാണ്.

*   *   *

അദ്ധ്യാപകൻ: കുട്ടീ "ഈശ്വര കടാക്ഷം" എന്ന വാക്കു ചേർത്തു് ഒരു വാക്യം പറയുക.

കുട്ടി: ഈശ്വരകടാക്ഷത്താൽ, പോയ മാസം ഫുട്ബാൾകളിച്ചു് സാറിന്റെ കാലൊടിഞ്ഞതുകൊണ്ടു് ഇന്നലെവരെയും സാർ ക്ലാസിൽവന്നില്ല.

*   *   *

അദ്ധ്യാപകൻ: സ്ഥാനഭേദമനുസരിച്ചു് ക്രിയകളെ രണ്ടായി തരംതിരിക്കാം: (1) അകർമ്മകക്രിയ, (2) സകർമ്മകക്രിയ.

കുട്ടി: മൂപ്പനുസരിച്ചു് ഒരു ക്രിയ കൂടി ഉണ്ടു സാർ.

അദ്ധ്യാപകൻ: എന്താണു കുട്ടി അതു്?

കുട്ടി: ശ്രാദ്ധക്രിയ.

വിജയൻ: രാഘവൻ പിള്ള, കള്ളസ്സാക്ഷി പറഞ്ഞാൽ ഈശ്വരശിക്ഷയുണ്ടാകുമോ?

രാഘവൻ പിള്ള: ദ്ദേ! പത്തു ചെല്ലുമ്പോൾ ഈശ്വരന്റെ ഒരു ചെവിക്കുപിടിമാത്രം കൊള്ളണം.

*   *   *

അമ്മാവൻ: എടാ കുട്ടാ; എന്റെ മകൾ ശാരദയെ കല്യാണം കഴിച്ചാൽ സ്കൂളിന്റെ മാനേജുമെൻറ് നിനക്കു തന്നേക്കാം.

കുട്ടൻ: മാനേജുമെൻറ് തരുമ്പോൾ അതിലുള്ള കുട്ടികളെയുംകൂടി തരുമോ അമ്മാവാ?

*   *   *

ഹൃദയത്തിന്റെ അന്തർനാളങ്ങളേയും ഭേദിപ്പിച്ചു് മനുഷ്യനെ എന്നെന്നേക്കും വേദനിപ്പിക്കുന്ന ഒന്നുണ്ടു്. വാക്ശരം: (കെ. ജി.)

(11-ാം പേജിൽനിന്നു തുടർച്ച)

ഹം ചെയ്യുതിന്റെ അമ്മയെ ഞാൻ ബഹുമാനിച്ചു. അവളുടെ മുഖം ഒരിക്കൽക്കൂടി കാണുവാനും അവളോടു മാപ്പു ചോദിക്കുവാനും എന്റെ ഹൃദയം വെമ്പി. സരോ, ഇത്രയേറെ പുണ്യവതിയായ ഒരു സ്ത്രീയുടെ പുത്രിയായി ജനിച്ചതിൽ നീ സ്വയം അഭിമാനിക്കേണ്ടതാണ്.

"നിർഭരമായ ഹൃദയവ്യഥയോടെ ഞാൻ ഇവിടെ തിരിച്ചെത്തിയപ്പോൾ നിന്റെ അമ്മ രോഗഗ്രസ്തയായി ഈ കോലായിൽ കിടക്കുകയായിരുന്നു. ഞാൻ വീടുവിട്ടുപോയതിന്നുശേഷം എന്നെ അന്വേഷിക്കുവാൻ അവൾ ചെയ്ത യത്നങ്ങളും, അതിൽ പരാജിതമായി അവൾ വ്യസനിച്ചതും, തദ്വാരാ രോഗഗ്രസ്തയായതുമെല്ലാം ഇവിടെ എത്തുന്നതിന്നു മുമ്പുതന്നെ ഞാൻ അറിഞ്ഞിരുന്നു.

"രണ്ടു മൂന്നു നിമിഷം നേരം അവൾ എന്റെ മുഖത്തേക്കു തുറിച്ചുനോക്കി. പെട്ടെന്ന്, 'എന്റെ ജ്യേഷ്ഠത്തി, അയ്യോ, എന്റെ ജ്യേഷ്ഠത്തി, എനിക്കു മാപ്പു തരണം' എന്നു പറഞ്ഞുകൊണ്ടു അവൾ പൊട്ടിക്കരഞ്ഞു. ഞാൻ അവളെ മാറോടണച്ചു നിലവിളിച്ചു.

"ഹാ! ശാശ്വതമായ സമാധാനം അന്നു് എനിക്കു അനുഭവിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. യഥാർത്ഥത്തിൽ മാപ്പു ചോദിക്കേണ്ടതു ഞാനായിരുന്നു. പക്ഷെ അതിന്നുമുമ്പു തന്നെ ഭാഗ്യവതിയായ നിന്റെ മാതാവു ഇഹലോകവാസം വെടിഞ്ഞു. മകളെ, പിന്നീടുണ്ടായതെല്ലാം നിനക്കുതന്നെ അറിയാവുന്നതാണല്ലൊ . . ." മുത്തശ്ശിയുടെ ഒരു കണ്ണിൽനിന്നു രണ്ടു മൂന്നു തുള്ളി കണ്ണുനീർ വീണു!!

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.